# വിഷ
# ക്കനി

T62
81

T62
K81

കൊച്ചുപറമ്പിൽ

# വിഷക്കനി

(സാമൂഹ്യനാടകം)

# വിഷക്കനി

ഡി. എം. കൊച്ചുപറമ്പിൽ.

DHARMARAM COLLEGE LIBRARY,
BANGALORE.
19894
762
1581

—പ്രസാധകർ—

ദീപിക പബ്ലീഷേഴ്സ്

കോട്ടയം.

VISHAKKANI
(Malayalam)
Play
By
D. M. KOCHUPARAMBIL
First Published Feb. 1965
Printed at
St. F. S. Press Kottayam
Copies 1000.
Price 50 Paise
Rights Reserved
Distributors
Deepika Book House,
Kottayam.

---

Cum permisn Superiorm.

# അവതാരിക

''നിനൈപ്പതെല്ലാം നടന്തുവിട്ടാൽ

ദൈവം ഏതുമില്ലൈ''—എവിടെയോ വച്ച് കേട്ട ഒരു തമിഴ് റേഡിയോപ്പാട്ടിന്റെ ശകലമാണിതു്. എത്ര ആഴമേറിയ ഒരു ആശയസമുദ്രമാണ് ആ കൊച്ചുവരികളിൽ ഒളിഞ്ഞുകിടന്നിരമ്പുന്നതു്! മനുഷ്യൻ ബഹിരാകാശത്തിൽ പറന്നു. ചന്ദ്രനിലേക്കു പറക്കാൻ പോകുന്നു. അഹങ്കരിക്കാൻ വേണ്ടുവോളമായി. ദൈവത്തെ കൂടാതെ ഇനിയങ്ങോട്ടു ജീവിച്ചുകളയാമെന്നൊരു ഹുങ്ക് ആധുനിക മനുഷ്യനിൽ കടന്നുകൂടി വശായിരിക്കുന്നു. ദൈവം പഴഞ്ചനും അശക്തനും ആയി എന്നും, ദൈവത്തിന്റെ കണക്കുക്കൂട്ടലുകൾ ഒക്കെ തെററിപ്പോയി എന്നും ചിന്തിച്ചെങ്കിലേ പുരോഗമനമാകയുള്ളത്രെ. മൂഢനായ മനുഷ്യാ! നിന്റെ സമസ്ത കഴിവുകളും സമസ്ത ശാസ്ത്രങ്ങളും ഉപയോഗിച്ചാലും നിനക്കൊരു പനിനീർ പൂവിനെ സൃഷ്ടിക്കാൻ കഴിയുമോ? ചത്തുപോയ ഒരെറുമ്പിനെ പുനർജീവിപ്പിക്കാൻ പററുമോ? പിന്നെ നീയെന്തിനു ഞെളിയുന്നു. ലോകാരംഭം മുതൽ ഇന്നുവരെ മനുഷ്യൻ എലികളെയും പാമ്പുകളെയും കൊല്ലുന്നുണ്ടല്ലോ. എന്നിട്ട് അവററകളുടെ വംശവിഛേദം വന്നോ? ശല്യം കുറഞ്ഞോ? ലോകാരംഭം മുതൽ ഇന്നുവരെ സമസ്ത മനുഷ്യരിലും തിര്യക്കുകളിലും ആൺപെൺ ജോഡികളുടെ തുല്യത നിലനിർത്തിപ്പോരുന്നതു ആരാണു്? ഏതു ശാസ്ത്രമാണു്? ഏതു ആസൂത്രണമാണു്? കുടുംബാസൂത്രണത്തിനു ചെലവാക്കുന്ന പണം, ശാസ്ത്രത്തിന്റെ നിഗൂഢങ്ങളായ രഹസ്യങ്ങളെ കണ്ടുപിടിക്കുന്നതിനു ഉപയോഗിച്ചിരുന്നെങ്കിൽ! ദൈവം തന്ന താലേന്തുകളാണ് ബുദ്ധിയുടെ ശക്തികൾ. അവയെ പ്രയോജനപ്പെടുത്തുക. വിജ്ഞാനത്തിന്റെ പുതിയ പുതി

യ അറകൾ തുറക്കപ്പെടും. ആ അറകളിൽ നിന്റെ ഭാവിക്കു വേണ്ട
ന്നതെല്ലാം പരാശക്തി സംഭരിച്ചുവച്ചിട്ടുണ്ട്. ദൈവവിശ്വാസമാകു
ന്ന കൈത്തിരി കെട്ടുത്തുന്ന മനുഷ്യൻ അന്ധകാരത്തിൽ തപ്പിത്തട
യും. അപ്പോഴാണ് അവൻ ഭാവിയെ ഓർത്തു പേടിക്കുന്നതു്. ജന
ങ്ങൾ ഇങ്ങനെ പെരുകിയാൽ ഭൂമി താണുപോവില്ലേ? മരുങ്ങുതിരി
യാനും ജീവിക്കാനും ഇടകാണുകയില്ലല്ലോ. അതുകൊണ്ടു ജനനത്തെ
നിയന്ത്രിച്ചോളൂ എന്നു അവൻ, മഠയനും സ്വാർത്ഥനുമായ മനുഷ്യൻ,
വിളിച്ചുകൂവുകയായി. ഇരുട്ടിൽ തപ്പിത്തടയുന്നവർ അതാണു ശരി
എന്നു വിശ്വസിച്ചു ഏറ്റുപറയുന്നു. മരണത്തെ നിരോധിക്കാൻ ക
ഴിവില്ലാത്ത മനുഷ്യനു് ജനനത്തെ നിരോധിക്കാൻ എന്തവകാശം?

ഡി. എം. കൊച്ചുപറമ്പിലിന്റെ "വിഷക്കനി" എന്ന ഈ
നാടകം വായിച്ചപ്പോൾ തോന്നിയ ചിന്തകൾ ഞാൻ കുറിക്കുകയാ
യിരുന്നു. കൃത്രിമ ജനനനിയന്ത്രണത്തിന്റെ ദൂഷ്യഫലങ്ങളെ താത്വി
കമായും കലാപരമായും ആവിഷ്കരിക്കുന്ന സുന്ദരമായൊരു നാടക
മാണിതു്. ബോംബെകട്ടിംഗ് പോലെ കുടുംബാസൂത്രണം ഇന്നു
സർക്കാർസഹായത്തോടുകൂടിയുള്ള ഒരു ഫാഷനാണത്രെ. അതു പുരോഗ
മനവും ആണത്രെ. അവിശ്വാസികളും, അല്പവിശ്വാസികളും, ചഞ്ച
ലവിശ്വാസികളും ആ വിഷക്കനി തിന്നുകൊള്ളട്ടെ. സർവ്വ പ്രപ
ഞ്ചസംവിധായകനായ ഈശ്വരനിൽ യഥാർത്ഥമായി വിശ്വസിക്കു
ന്ന ഒരു മനുഷ്യനെയും ആ മരുമരീചിക വഴി തെററിക്കുകയില്ല.
കോടാനുകോടി ബ്രഹ്മാണ്ഡ ഗോളങ്ങൾ അടുക്കും ചിട്ടയും കണക്കും
അനുസരിച്ച് അനവരതം ചലിച്ചുകൊണ്ടേയിരിക്കുന്നു. ആരുടെ
ആസൂത്രണമാണതു്? ഏററവും ചെറിയ ഗോളമായ ഭൂമിയിലെ മനു
ഷ്യൻ മാത്രം ദൈവത്തെ കൂടാതെ ഭാവിയെ ശരിപ്പെടുത്തിക്കൊള്ളാ
മെന്നു് വ്യാമോഹിക്കുന്നു. ഭാവിയിൽ മനുഷ്യൻ ഈ ചെറിയ ഭൂമി
യെ ഉപേക്ഷിച്ചിട്ടു അനന്തവിസ്തൃതങ്ങളായ ഇതര ഗോളങ്ങളിൽ
അധിവാസം ഉറപ്പിക്കുകയില്ല എന്നു ആക്കു ധൈര്യമായി പറയാൻ
കഴിയും? മനുഷ്യന്റെ ആഹാരപ്രശ്നത്തെ എന്നേയ്ക്കുമായി പരി
ഹരിക്കുവാൻ ശാസ്ത്രത്തിനു് കഴിയുകയില്ല എന്നു് തറപ്പിച്ചുപറ
യാമോ?

ദൈവത്തെ കൂടാതെ തന്നെ തന്റെ കുടുംബത്തിന്റെയും അതോടൊപ്പം രാജ്യത്തിന്റെയും ഭാവിയെ നന്നാക്കിക്കൊള്ളാമെന്നു അഹങ്കരിച്ച അഭ്യസ്തവിദ്യനായ ഒരു ചെറുപ്പക്കാരന്റെ ദുരന്തകഥയാണിതു്. അവൻ അഹംഭാവപൂർവ്വം കെട്ടിപ്പടുത്ത സ്വപ്നങ്ങളുടെ ചാമ്പലാകയാണു്. അതോടെ അവനും, അവന്റെ കുടുംബവും, അവരുടെ ഭാവിയും എല്ലാം തകർന്നുവീഴുന്നു. ബേബിയുടെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുന്നില്ല. പക്ഷെ ഒരു പരിധിക്കപ്പുറം കാണാൻ അവനു കാഴ്ചയില്ലാതെ പോയി. വലിയ പഠിത്തക്കാരിയല്ലെങ്കിലും, പഴഞ്ചൻ വിശ്വാസക്കാരിയാണെങ്കിലും, മേരിയുടെ ന്യായവാദങ്ങൾ മണിനാദങ്ങൾ പോലെ മാറെറാലിക്കൊള്ളുന്നു. പുരോഗമനബാധ തീണ്ടിയിട്ടില്ലാത്ത യാഥാസ്ഥിതികരായ വറീതു മാപ്പ്ളയും, നാറാപിള്ളയും, പറഞ്ഞതായിരുന്നു ശരിയെന്നു് ഒടുവിൽ തെളിയുന്നു. കുടുംബാന്തൂത്രണക്കാരനായ പോത്തൻസാറിനെ പഴിപറഞ്ഞിട്ടും കാര്യമില്ല. അയാളുടെ വയററിപ്പിഴപ്പാണു്. മനുഷ്യരെ കൊലമരത്തിലേററി തൂക്കിക്കൊല്ലുന്നതു് ആരാച്ചാരുടെ വയററിപ്പിഴപ്പല്ലെ? അയാളോടെന്തിനു പരിഭവിക്കുന്നു. ഈ നാടകത്തിലെ ഏററവും മിഴിവുള്ള കഥാപാത്രമായി എനിക്കു തോന്നുന്നതു് നിഷ്കളങ്കനും കുസൃതിക്കുട്ടനും മിടുമിടുക്കനുമായ കുഞ്ഞുമോനാണു്. അവന്റെ അകാലചരമത്തിൽ നാം കരളുരുകിക്കരളുരുകിക്കരഞ്ഞുപോകുന്നു.

വായിക്കാനും അഭിനയിക്കാനും കാണാനും ഒരുപോലെ മനോജ്ഞമായ ഈ നാടകം രചിച്ച കൊച്ചുപറമ്പിലിനെ അഭിനന്ദിക്കുന്നതിൽ എന്നോടൊപ്പം എല്ലാ സഹൃദയരും പങ്കുചേരുമെന്നു എനിക്കു വിശ്വാസമുണ്ടു്. ഈ നാടകകലാശില്പത്തെ ഞാൻ കേരളത്തിലെ നല്ല ആളുകളുടെ മുമ്പാകെ പൂർണ്ണമായ അഭിമാനത്തോടെ അവതരിപ്പിച്ചുകൊള്ളുന്നു.

മുട്ടത്തുവക്കി

(ഒപ്പ്)

കോട്ടയം,
1—2—'65

# കഥാപാത്രങ്ങൾ

1) ബേബി:— ഒരു തൊഴിലാളി. 28 വയസ്സ് പ്രായം. സ്വപ്രയത്നംകൊണ്ടു കുടുംബം പുലർത്തുന്ന ഒരു ചെറുപ്പക്കാരൻ. കുടുംബസംവിധാനം എന്ന വിഷം കുടിച്ച നിരാശനായ ഒരു മനുഷ്യൻ.

2) മേരി:— ബേബിയുടെ ഭാര്യ— ഉത്തമയായ ഒരു തരുണി. 25 വയസ്സ് പ്രായംവരും. ഭർത്താവിൻെറ കഴിവുകേടിൽ കുടുംബം പുലർത്താൻ യത്നിക്കുന്ന ഒരമ്മ.

3) കുഞ്ഞുമോൻ:— ബേബിയുടെ മൂത്തമകൻ— 8 വയസ്സ്. പ്രായത്തിൽകവിഞ്ഞ ബുദ്ധിയും സംസാരവും.

4) വറീതുചേട്ടൻ:— ബേബിയുടെ അയൽക്കാരൻ. സരസനായ ഒരു കത്തോലിക്കൻ— വയസ്സ് 55 വരും.

5) നാരായണപിള്ള:— ഒരു ഗാന്ധിഭക്തൻ— ബേബിയുടെ നിസ്സഹായതയിൽ വറീതുചേട്ടനോടൊപ്പം സഹതപിക്കുന്ന ഒരു മുപ്പതുകാരൻ.

6) പോത്തൻസാർ:— കുടുംബസംവിധാനപ്രചാരകൻ. പ്രായം 35 വയസ്സ്.

# രംഗം ഒന്നു്

(ഫാക്ടറിത്തൊഴിലാളിയായ ബേബിയുടെ ഭവനം. ബേബിയുടെ ഭാര്യ (മേരി) മകന്റെ (കുഞ്ഞുമോൻ) മുടി ചീകി ഒരുക്കുന്നു. സ്കൂളിൽ വിടുന്നതിനുള്ള ഒരുക്കമാണു്.)

കുഞ്ഞുമോൻ:— കേട്ടോമ്മേ, ഞങ്ങടെ പുതിയ സാറിന്റെ പല്ലുമുഴുവൻ പൊങ്ങിയതാ.

മേരി:— എന്റെ മോനേ, സാറമ്മാരെ അങ്ങനെ കളിയാക്കരുതു കേട്ടോ. സാറിനെ മോൻ കളിയാക്കിയാൽ ഇനിമോനുവരുന്ന പല്ലുമുഴുവൻ പൊങ്ങിയിരിക്കും.

കുഞ്ഞു:— അയ്യോ എന്നാ ഇനിഞാൻ സാറിനെ കളിയാക്കിയേല. (അല്പം ആലോചിച്ചിട്ടു്) കേട്ടോമ്മേ, ഞങ്ങളുടെ കോങ്കണ്ണി ടീച്ചറിന്റെ പാട്ടുകേക്കണം മാക്രി കരയുന്നപോലെയിരിക്കും.

മേരി:— നിന്നോടു ഞാൻ പറഞ്ഞില്ലേ, സാറന്മാരുടെ കുററം പറയരുതെന്നു്. ഇനി ഇങ്ങനെ വല്ലതും പറഞ്ഞാൽ നീ തല്ലുമേടിക്കും കേട്ടോ.

കുഞ്ഞു:— (വിഷയംമാററി) ഞാൻ എന്നു തൊട്ടുപറയുന്നതാ ഒരു പുതിയ സ്ലേററു വാങ്ങിത്തരാൻ. ഈ മൂലപൊട്ടിയ സ്ലേററും കൊണ്ടെങ്ങനയാ പള്ളിക്കൂടത്തിൽ പോകുന്നതു്.

(സഞ്ചിയിൽ നിന്നു പൊട്ടിയ സ്ലേററെടുത്തു കാണിച്ചിട്ടു്) ഇന്നാളു് ഈ സ്ലേററു കണ്ടോണ്ടു് ആ ഞൊണ്ടൻസാറു ചോദിക്കുവാ ഇതെന്നതാടാ പഴയതിരുവിതാംകൂറിന്റെ രൂപമാണോന്നു്. പഴയതിരുവിതാംകൂറു് ഇങ്ങനെ ആണോമ്മേ?

മേരി:— ആ സാറുചുമ്മാ പറഞ്ഞതാ. അടുത്ത ആഴ്ച നിനക്കൊരു സ്ലേററു വാങ്ങിച്ചുതരാം.

കുഞ്ഞു:— അമ്മ ചുമ്മാ നുണ പറേവാ. ഇപ്പം എത്രതോണ ഇങ്ങനെ പറഞ്ഞതാ.

മേരി:— അപ്പച്ചനോടു പറഞ്ഞു തീർച്ചയായും അടുത്ത ആഴ്ച മേടി പ്പിച്ചുതരാം.

കുഞ്ഞു:— കൂട്ടത്തിൽ ഒരു റ്റൂളിക്കല്ലുപെൻസിലും. ആ തിട്ടേലെ മാത്തുണ്ണി ഇന്നാളു് ഒരെണ്ണംകൊണ്ടുവന്നായിരുന്നു. അതുക്കൂട്ടൊ രെണ്ണം മതി കേട്ടോമ്മേ.

മേരി:— ഒും— നീ എന്നാ പ്രസംഗിച്ചോണ്ടു നിൽക്കുവാ. പള്ളിക്കൂടത്തിൽ പോകാൻ നേരം പോയില്ലേ.

കുഞ്ഞു:— ഒന്നാംമണിയടിച്ചിട്ടു് ഇവിടുന്നു് ഓടിയാലും മതി. രണ്ടാംമണിക്കുമുമ്പു് അവിടെ ചെല്ലാം.

മേരി:— മോൻ ഓടിയാൽ വല്ലടത്തും വീഴും. അതുകൊണ്ടു പതുക്കെ നടന്നുപോയാൽമതി. (ബേബി പ്രവേശിക്കുന്നു. ചിന്താഭാരത്താൽ താണമുഖം)

ബേബി:— നീ ഇന്നു പള്ളിക്കൂടത്തിൽ പോണില്ലേടാ.

കുഞ്ഞു:— ഞാൻ പോകാനിറങ്ങിയതാ. ഈ അമ്മയൊന്നുവിടണ്ടേ. തലചീകുതന്നെ, തലചീകു്. എത്ര നേരായെന്നോ തുടങ്ങീട്ടു്.

മേരി:— നീയല്ലേടാ കണ്ടസാറന്മാരുടെ കുററംപറഞ്ഞു നിന്നതു്.

കുഞ്ഞു:— (വിഷയംമാററി) ഞാൻ പറഞ്ഞ കാര്യം അപ്പച്ചനോടു പറഞ്ഞു മേടിപ്പിക്കണം കേട്ടോമ്മേ.

ബേബി:— എന്നതാടാ.

കുഞ്ഞു;— ഒരു നല്ല സ്ലേറേറലെഴുതാൻ എന്തു കൊതിയാ. ഒരു പൊട്ടസ്ലേററുകൊണ്ടു നടന്നുമടുത്തു.

ബേബി:— അടുത്ത ആഴ്ചയാകട്ടെ, ഒരെണ്ണം മേടിച്ചുതരാം. നീ പള്ളിക്കൂടത്തിൽ പൊക്കൊ.

(കുഞ്ഞുമോൻ സഞ്ചിയും എടുത്തുപോകുന്നു)

മേരി:— ഇന്നെന്നാ ജോലിയില്ലേ.

ബേബി:— ഫാക്ടറിയിലേക്കുള്ള ഇലക്ട്രിക്കലൈൻ തകർന്നുകിടക്കുവാ. ഇനി നന്നായിവരണം.

മേരി:— അതിനെത്ര ദിവസം എടുക്കും?

ബേബി:— ഇന്നു തീരാനേയുള്ളു. നാളെ ജോലികാണും.

മേരി:— എന്നാൽ ഞാൻ അടുക്കളേലോട്ടു ചെല്ലട്ടെ.

ബേബി:— നിൽക്കു്. ഒരു കാര്യം പറയാനുണ്ടു്.

മേരി:— (അടുത്തുചെന്നു്) എന്താ?

ബേബി:— സംഗതി രഹസ്യമാ— ആരോടും പറയരുതു്.

മേരി:— ഞാനാരോടും പറയാൻപോണില്ല.

ബേബി:— എന്നാൽ പറയാം. നമ്മുടെ ആശുപത്രിൽ ഒരു പുതിയ ലേഡീഡോക്ടർ വന്നിട്ടുണ്ടു്. നീ ഒന്നു പോയി അവരെ കാണണം.

മേരി:— എനിക്കു് അസുഖമൊന്നുമില്ലല്ലോ

ബേബി:— അസുഖമുണ്ടായിട്ടല്ല. വേറെ ചില കാര്യങ്ങളുണ്ടു്. ഇപ്പോഴത്തെ സ്ത്രീകൾ ജീവിക്കേണ്ടതു് എങ്ങനെയാണെന്നു് അവർ പറഞ്ഞുതരും.

മേരി:— ഓ— ഇനി ഡോക്ടർ പറയുന്നതുപോലെ ജീവിക്കാഞ്ഞിട്ടാ. ഇത്രയും നാളത്തെ ജീവിതത്തിനെന്തായിരുന്നു കുഴപ്പം.

ബേബി;— കുഴപ്പമൊന്നുമില്ല. പക്ഷെ— — —

മേരി— നിങ്ങളെന്താ ഇങ്ങനെ മറച്ചുവച്ചു സംസാരിക്കുന്നതു്. കാര്യം ഉള്ളതു തുറന്നുപറ.

ബേബി:— ഇപ്പോഴത്തെ നിരക്കിൽ ജനം പെരുകിയാൽ അടുത്ത ഭാവിയിൽ ഭൂമിയിൽ കാലുകുത്തിനിൽക്കാൻ സ്ഥലം കാണത്തില്ലെന്നു്.

മേരി:— അതിനു ഞാനെന്തുവേണം. ജനം പെരുകിവരുന്നതിനു നമുക്കെന്താ നഷ്ടം.

ബേബി:— നീയിങ്ങനെ ബുദ്ധിശൂന്യമായി സംസാരിക്കാതെ. നമുക്കെന്താ നഷ്ടമെന്നു്! നമുക്കും ഭാവിയിൽ വലിയ നഷ്ടങ്ങളുണ്ടു്.

മേരി:— അന്നു വരുന്നതുപോലെ അനുഭവിക്കാം. അല്ലാതെന്താ.

ബേബി:— നിനക്കതു പറഞ്ഞാൽമതി. ജനപ്പെരുപ്പംമൂലം നാടുമുടിയുകയാണു്. നിനക്കറിയാമോ.

മേരി:— എന്നാൽ ഉണ്ടായ കുട്ടികളെയെല്ലാം കൊന്നുകളയുവാൽ പറ്റുമോ.

ബേബി:— ജനിച്ചവർ ജീവിക്കട്ടെ. ഇനി ജനനം ഉണ്ടാകാതെ സൂക്ഷിക്കണം.

മേരി:— അതു നമ്മരം നിശ്ചയിക്കുന്ന കാര്യമാണോ. ദൈവം തിരുമനസ്സാകണ്ടെ.

ബേബി:— പോടീ—ദൈവം! അതൊക്കെ പണ്ടായിരുന്നു. അന്നു ദൈവം നിശ്ചയിച്ചതുപോലെയൊക്കെ നടന്നു. ഇന്നു നമ്മരം നിശ്ചയിക്കുന്നതുപോലെയാ സംഗതിയുടെ പോക്കു്.

മേരി:— നിങ്ങരം ചുമ്മാ ദൈവദൂഷണം പറഞ്ഞു ദൈവശാപം തലയിൽ കെട്ടിവയ്ക്കരുതു്. ഞാൻ പറഞ്ഞേക്കാം.

ബേബി:— ആ ശാപം ഞാനേററോളാം പോരെ? നമുക്കിപ്പോരം രണ്ടു കുട്ടികളുണ്ടു് അതുമതി.

മേരി:— ദൈവം തരുന്നിടത്തോളം എനിക്കുവേണം.

ബേബി:— നിനക്കതു പറഞ്ഞാൽമതി. ഞാൻ വേണം ഇതുങ്ങരംക്കെല്ലാം ചെലവിനു കൊടുക്കാൻ.

മേരി:— വാ കീറിയ തമ്പുരാൻ ഇരയുംതരും, എന്നാ പഴമൊഴി.

ബേബി:— നീ പഴമൊഴിയും കേട്ടോണ്ടിരുന്നാൽ വയററിലോട്ടൊന്നും പോകത്തില്ല.

മേരി:— അതിനു ഞാനെന്തു ചെയ്യണമെന്നാ പറയുന്നതു്

ബേബി:— നീ ആശുപത്രിയിൽ പോയി ജനനനിയന്ത്രണത്തിനുള്ള ഓപ്പറേഷൻകഴിക്കണം.

മേരി:— ഞാനോ! അതീജന്മത്തിൽ പററില്ല. എനിക്കു ദൈവശാപം തലയിൽ കെട്ടിവയ്ക്കാൻ ഒക്കത്തില്ല.

ബേബി:— നിന്നെപ്പോലെ പലരും ഇങ്ങനെ ചെയ്തുകഴിഞ്ഞു. പിന്നെ നിനക്കെന്താ ഇത്ര പ്രയാസം.

മേരി:— മററുള്ളവർ ചെയ്യുന്നതെല്ലാം ഞാൻ ചെയ്യണമെന്നുണ്ടോ?

ബേബി:— ചിലതെല്ലാം ചെയ്യേണ്ടിവരും. നീ ഇതു ചെയ്തേപററൂ. അതു നമ്മുടെ കുടുംബഭദ്രതക്കുവേണ്ടിയാണു്.

മേരി:— ഇതു കുടുംബം നശിപ്പിക്കുവാനുള്ള പണിയാണു്.

ബേബി:— അങ്ങനെയാണെങ്കിൽ കോടിക്കണക്കിനു രൂപാ ചില

വുചെയ്തു കുടുംബസംവിധാനം നടപ്പിൽ വരുത്തുന്ന ഗവണ്മെൻറു വലിയ ചതിവാണല്ലോ ചെയ്യുന്നതു്.

മേരി:— തീർച്ചയായും. ഇങ്ങനെ കുടുംബം സംഹരിക്കുന്നതിലും നല്ലതു വെറുതെ വെടിവച്ചുകൊന്നേക്കുകയാണ്.

ബേബി:— നീ വെറുതേ ഭോഷത്വം പറയാതെ. നിന്നെക്കാൾ പഠിപ്പും ബുദ്ധിയുമുള്ളവരൊക്കെയാ ഇതു നടപ്പിൽ വരുത്തിയിരിക്കുന്നതു്.

മേരി:— അതിനു ഞാൻ എതിർക്കുന്നില്ലല്ലോ. എന്നെ സംബന്ധിച്ചിടത്തോളം ഇതിനു പററില്ലെന്നേ ഞാൻ പറയുന്നുള്ളൂ.

ബേബി;— അതു നീ തന്നെ നിശ്ചയിച്ചാൽ പോരല്ലൊ.

മേരി:— ഇക്കാര്യം ഞാൻതന്നെയാണു നിശ്ചയിക്കേണ്ടതു്.

ബേബി:— മേരി നീയെന്താ ഇത്ര വിവേകശൂന്യമായി പറയുന്നതു്. നിനക്കും സാമാന്യവിദ്യഭ്യാസമൊക്കെയില്ലേ.

മേരി:— ഞാനെന്താണു വിവേകശൂന്യമായി പറഞ്ഞതു്. ദൈവദത്തമായി എനിക്കു കിട്ടിയിരിക്കുന്ന മാതൃത്വം ഞാൻ നശിപ്പിക്കണമെന്നു പറഞ്ഞാൽ അതിനു വിവേകക്കുറവൊന്നുമില്ല, അല്ലേ?

ബേബി:— അപ്പോൾ നീമാത്രം ഒരു ബുദ്ധിമതി. ബാക്കി ഇതിനു സമ്മതിച്ചവരെല്ലാം ഭോഷികൾ അല്ലെ. കൊള്ളാം, കൊള്ളാം. എന്നാൽ നീയൊന്നു മനസ്സിലാക്കണം. നാടിൻെറ പുരോഗതിക്കുവേണ്ടി, ഭാവിയിൽ ജീവിതങ്ങൾ പട്ടിണിയിൽ കഴിഞ്ഞുകൂടാതിരിക്കാൻവേണ്ടിയാണ് ഇന്നീ പദ്ധതികൾ നടപ്പാക്കുന്നതു്. അപ്പോൾ മററുള്ളവരോടൊപ്പം നാമും സഹകരിക്കണം. നീ വെറുതെ ദുർവാശി പിടിക്കരുതു്.

മേരി:— ആരൊക്കെ എന്തൊക്കെ ചെയ്താലും ശരി, എനിക്കീ പണിയൊന്നും വേണ്ട. അതിൻെറ ആവശ്യം നമുക്കൊട്ടില്ലതാനും.

ബേബി:— നീ ഏതായാലും ഡോക്ടറെ പോയി ഒന്നു കാണ്. കാര്യമെല്ലാം പിന്നീടു നിശ്ചയിക്കാം.

മേരി:— എൻെറ കാര്യത്തിനു് ആരും നിശ്ചയിക്കാൻ പോരണ്ട. ഈ കാര്യം നീക്കി വേറെ വല്ലതും പറയാനുണ്ടെങ്കിൽ പറ. എനിക്കു് അടുക്കളയിൽ ജോലി കിടക്കുന്നു.

ബേബി:— നീ ഒന്നുകൂടി ചിന്തിക്കു്. എന്നിട്ട തീരുമാനിച്ചാൽ മതി. പൊയ്ക്കോ (മേരി അകത്തേക്കു പോകുന്നു. ബേബി വിദൂരതയിലേക്കു നോക്കിചിന്തിച്ചുനിൽക്കുന്നു)

[കർട്ടൻ]

## രംഗം രണ്ട്

(ബേബിയുടെ ഭവനം—കുഞ്ഞുമോൻ ഗൃഹപാഠം ചെയ്തുകൊണ്ടിരിക്കുന്നു. കുറച്ചുകഴിഞ്ഞു പോത്തൻസാർ പ്രവേശിക്കുന്നു.)

പോത്തൻ:— ഇവിടെ ആരുമില്ലേ?

കുഞ്ഞു:— (സ്ലേററിൽനിന്നു കണ്ണുയർത്തി) ഞാനിവിടെ ഇരിക്കുന്നതു കണ്ടില്ലേ.

പോത്തൻ:— അതു കണ്ടു. വേറേ ആരുമില്ലേ. ഇച്ചാച്ചനും അമ്മയുമൊക്കെ.

കുഞ്ഞു:— ഒണ്ട്. ഞാൻ വിളിക്കാം (അടുക്കളേലേക്കു് നോക്കി) അമ്മേ— (കുറച്ചുകൂടെ ഉറക്കെ) അമ്മേ— തേ ഇവിടെ ആരാണ്ടു വന്നിരിക്കുന്നു. ഇങ്ങോട്ടൊന്നുവന്നേ. (മേരി ഒരു തവിയുമായി വരുന്നു. അടുക്കളപ്പുണിയിൽനിന്നാണു വരവു്.)

പോത്തൻ:— മിസ്റ്റർ ബേബിയുടെ വീടല്ലേ ഇതു്?

മേരി:— അതേ.

പോത്തൻ:— ബേബി എവിടെ പോയി. ഒന്നു കണ്ടാൽ കൊള്ളാമെന്നുണ്ടു്.

മേരി:— പറമ്പിലേക്കിറങ്ങിയതാണു്; ഇപ്പോഠം വരും. അവിടെ ഇരിക്കു്. (മേരി അടുക്കളയിലേക്കു പോകുന്നു— പോത്തൻ ഒരു കസേരയിൽ ഇരിക്കുന്നു.)

പോത്തൻ:— നിൻെറ പേരെന്താടാ.

കുഞ്ഞു:— കുഞ്ഞുമോൻ. ചേട്ടൻെറയോ?

പോത്തൻ:— എൻെറ പേരു പോത്തൻ സാർ.

കുഞ്ഞു:— ങ്ഹാ! സാറാണോ. ഏതു പള്ളിക്കൂടത്തിലാ പഠിപ്പിക്കുന്നതു്?

പോത്തൻ:— പഠിപ്പീരൊന്നുമില്ല. അല്ലാതെയുള്ള സാറാ.

കുഞ്ഞു:— ങ്ഹാ. ചുമ്മാ സാറാണോ. ഞങ്ങടെ ഞൊണ്ടുകയ്യൻ സാറിൻെറ പേരും പോത്താന്നാ.

പോത്തൻ:— നീ ബേബിയുടെ മൂത്തമകനാണോ?

കുഞ്ഞു:— അതെ.

പോത്തൻ:— നിങ്ങളെത്രപേരാ.

കുഞ്ഞു:— ഞാനും ലില്ലിക്കുട്ടിയും മാത്രമേയുള്ളു.

പോത്തൻ:— അവളെന്തിയേ.

കുഞ്ഞു:— അമ്മവീട്ടിലാ. അവളവിടെയാ കളരീപോണത്. (ബേബി പ്രവേശിക്കുന്നു. വീട്ടുവേഷമേ ധരിച്ചിട്ടുള്ളു.)

ബേബി:— ങ്ഹാ—പോത്തൻസാറാരുന്നോ. എപ്പോഴാ വന്നു.

പോത്തൻ:— ഇപ്പോഴാ വന്നതേയുള്ളു.

ബേബി:— എടാ കുഞ്ഞുമോനേ, പോത്തൻസാറിനും കൂടെ കാപ്പി ശരിപ്പെടുത്താൻ പറയടാ. (കുഞ്ഞുമോൻ സ്ലേററു താഴെവച്ചിട്ടെഴുന്നേൽക്കുന്നു.)

പോത്തൻ:— എനിക്കു കാപ്പിയൊന്നുംവേണ്ട ബേബീ. ഇപ്പഴാ ഞാനൊരു സ്ട്രോങ്ങു ചായ കഴിച്ചതു്.

ബേബി:— എന്നാലും അങ്ങനെയല്ലല്ലോ. ഇവിടെ നല്ലപ്പം വരുന്നതല്ലേ. ഒരു ഗ്ലാസ് കാപ്പി കുടിച്ചതുകൊണ്ടു കുഴപ്പമൊന്നുമില്ല.

(കുഞ്ഞുമോൻ അകത്തേക്കു പോകുന്നു.)

പോത്തൻ:— ഇന്നാള് പറഞ്ഞ കാര്യമെന്തായി.

ബേബി:— പറഞ്ഞിട്ടു സമ്മതിക്കുന്നില്ലല്ലോ സാറേ.

പോത്തൻ:— അതൊക്കെ സമ്മതിച്ചോളുമെന്നേ. ഏതാണ്ടൊക്കെ തെററിദ്ധരിച്ചിട്ടുണ്ടു്. അതാണീ കുഴപ്പം.

ബേബി:— ഏതായാലും ഒന്നുകൂടെ പരിശ്രമിച്ചുനോക്കാം.

പോത്തൻ:— ഞാനും ഒന്നു പറഞ്ഞുനോക്കാം. മിസ്സസ് ബേബി എന്തേരെ പഠിച്ചതാ.

ബേബി:— അവരം ഫോർത്തുവരെ പഠിച്ചു.

പോത്തൻ:— അപ്പോരം പറഞ്ഞുകൊടുത്താൽ മനസ്സിലാക്കാൻ കഴിവുണ്ട്.

ബേബി:— പക്ഷെ വലിയ നിർബന്ധബുദ്ധിക്കാരിയാണ്. ഏതായാലും സാറൊന്നു പറഞ്ഞുനോക്കു്.

പോത്തൻ:— ഇങ്ങോട്ടൊന്നു വിളിച്ചേ.

(ബേബി മേരിയെ വിളിക്കുന്നു. മേരി പ്രവേശിക്കുന്നു.)

പോത്തൻ:— മിസ്സസ് ബേബിക്കു് എന്നെ പരിചയമില്ലായിരിക്കും.

മേരി:— ഓർമ്മിക്കുന്നില്ലല്ലോ.

ബേബി:— ഇദ്ദേഹമാണ് ഈ പ്രദേശത്തേയ്ക്കു് നിയുക്തനായിരിക്കുന്ന ഫാമിലി പ്ലാനിങ്ങ് പ്രചാരകൻ. പേരു പോത്തൻസാറ്.

മേരി:— ഈ ഗ്രാമസേവകരുടെകൂട്ടാണോ.

പോത്തൻ:— ഹേയ് അതല്ല. ഞങ്ങളതിലും കൂടിയ ഗ്രേഡിലുള്ളവരാ. കുടുംബസംവിധാനം നടപ്പിൽവരുത്തുകയാണ് ഞങ്ങളുടെ ലക്ഷ്യം.

ബേബി:— കുടുംബജീവിതത്തിൻെറ ശ്രേയസ്സിനു് ആവശ്യമായ സംഗതികളെല്ലാം പോത്തൻസാറു പറഞ്ഞുതരും.

മേരി:— നിങ്ങരം സംസാരിക്കു്. എനിക്കു് അടുക്കളയിൽ ജോലി കിടക്കുന്നു. ഞാനങ്ങോട്ടുപോകുവാ.

പോത്തൻ:— നില്ക്കു് നില്ക്കു്. ചില കാര്യങ്ങരംപറയാനുണ്ട്. (മേരി വൈമനസ്യത്തോടെ നിൽക്കുന്നു:)

മേരി:— എന്താ.

പോത്തൻ:— നാടിൻെറയും നാട്ടാരുടെയും പുരോഗതിക്കു് നമ്മുടെ ഗവണ്മെൻറ് ചില പരിപാടികളൊക്കെ ആസൂത്രണംചെയ്തിട്ടുണ്ട്. അപ്പോരം നിങ്ങളാൽ കഴിവുള്ള സഹകരണം നൽകണം.

മേരി:— അക്കാര്യമൊക്കെ ഞങ്ങളുടെ വീട്ടുകാരനോടു പറഞ്ഞാൽ

മതി. എനിക്കു കൊടി പിടിക്കാനും മീററിംഗ്ഗ കൂടാനും ഒന്നും കഴിയേല.

ബേബി:— സാറു പറഞ്ഞുവരുന്നതു നിനക്കു മനസ്സിലായില്ല.

പോത്തൻ:— ഞാനൊന്നുകൂടെ വിശദീകരിച്ചു പറയാം. ഇൻഡ്യാ സാമ്പത്തികമായി വളരെ താണ ഒരു രാജ്യമാണു്. ഇപ്പോഴത്തെ നിരക്കിൽ ജനം പെരുകിയാൻ ഭാവിയിൽ ഇൻഡ്യയിൽ കാലുകുത്താൻ സ്ഥലം കാണത്തില്ല.

മേരി:— സാറു പറഞ്ഞുവരുന്നതു മനസ്സിലായി. പക്ഷെ ആ പണിയൊന്നും ഞങ്ങരംക്കു കഴിയേല.

ബേബി:— നീ ഇടയ്ക്കുകയറി ചിലയ്ക്കാതെ. സാറു പറയട്ടെ.

പോത്തൻ:— മിസ്സസ് ബേബി പറഞ്ഞതുപോലെ എല്ലാവരും പറഞ്ഞാലെന്തു ചെയ്യും. ചില സ്ത്രീകരംക്കു് ഇക്കാര്യത്തിൽ എന്തോ തെററിദ്ധാരണകളൊക്കെയുണ്ടു്.

മേരി:— എനിക്കു തെററിദ്ധാരണയൊന്നുമില്ല. എന്നെ അതിനു പ്രേരിപ്പിക്കണമെന്നില്ല.

പോത്തൻ:— അങ്ങനെ നിർബന്ധബുദ്ധി പിടിക്കരുതു്. ഈ രാജ്യത്തെ ജനപ്പെരുപ്പത്തിൽ നിന്നും തടയുന്നതിനു് ഒരമ്മയെന്ന നിലയിൽ നിങ്ങരംക്കും കടമയുണ്ടു്. അതു മനസ്സിലാക്കണം.

മേരി:— എനിക്കു ദൈവം നൽകിയിട്ടുള്ള കഴിവുകരം നശിപ്പിച്ചിട്ടുള്ള യാതൊരിടപാടും വേണ്ട. എനിക്കിനി ഇതേപ്പററി കേരംക്കണമെന്നില്ല.

ബേബി:— വിവരമുള്ളവർ പറഞ്ഞാൽ അതു കൂട്ടാക്കാതിരിക്കുന്നതു മഹാ കഷ്ടമാണു കേട്ടോ.

മേരി:— ഇതെൻെറ ആത്മാവിനെ ബാധിക്കുന്ന കാര്യമാണു്. ലോകത്തിൽ ആരെല്ലാം പറഞ്ഞു പ്രേരിപ്പിച്ചാലും ഞാൻ ഈ തന്ത്രങ്ങരംക്കു വഴിപ്പെടുകയില്ല. ഇനി അതിനായി വെറുതെ ബുദ്ധിമുട്ടിക്കണമെന്നില്ല.

ബേബി:— (കയർത്തു്) എന്നു നീ നിശ്ചയിച്ചാൽ പോരല്ലോ.

(മേരി അകത്തേക്കു പോകുന്നു)

പോത്തൻ:— പോകട്ടെ ബേബി. നമുക്കു പണിയുണ്ട്. അത്ര നിർബ ന്ധബുദ്ധിയുള്ളവർ അവിടിരിക്കട്ടെ. ബേബിക്കു് ഇക്കാര്യ ത്തിലുള്ള അഭിപ്രായമെന്താ.

ബേബി:— എനിക്കു വളരെ യോജിപ്പാണു്. അതിനുവേണ്ടി എന്തു ത്യാഗവും ചെയ്യാൻ തയ്യാറാണു്.

പോത്തൻ:— എന്നാൽ പണിയുണ്ട്. ബേബി ഓപ്പറേഷനു തയ്യാ റാവണം.

ബേബി:— അതു വേണോ സാറേ.

പോത്തൻ:— താങ്കളുടെ ഭാര്യ സമ്മതിച്ചില്ലെങ്കിൽ അതേ വഴിയു ള്ളു. ഭയപ്പെടാനില്ല. മൈനർ ഓപ്പറേഷനാണു്. പോരെങ്കിൽ 25 രൂപയും കിട്ടും.

ബേബി:— അപകടമൊന്നുമില്ലല്ലോ.

പോത്തൻ:— കൊള്ളാം. അപകടമോ. ഇതിനെന്താ അപകടമിരി ക്കുന്നതു്. എത്രപേർ ഇതു വിജയകരമായി നടത്തി ആനന്ദം കണ്ടെത്തിയിരിക്കുന്നു.

ബേബി:— എന്നാൽ അതു മതി സാറേ. ഞാൻ ആപ്പറേഷൻ കഴി പ്പിച്ചോളാം. അതായിരിക്കും കൂടുതൽ സുരക്ഷിതം; അതിനി നി എന്തു ചെയ്യണം

പോത്തൻ:— അതിനൊരു ഫോറം ഫില്ലപ്പുചെയ്തു കൊടുക്കണം. ആ ശുപത്രിയിൽനിന്നു കിട്ടും. പാർവത്ത്യകാരുടെ ഒരു സർട്ടിഫി ക്കേററും വേണം.

ബേബി:— അതൊക്കെ വാങ്ങാം. എന്നാൽ നാളെ ഞാൻ ആശുപ ത്രിയിൽ പോകാം.

പോത്തൻ:— കൊള്ളാം. ഞാനും വേണ്ടതു സപ്പോർട്ടു ചെയ്തോളാം. (പോത്തൻസാർ ഒരു ബീഡിയെടുത്തിട്ടു്) ബേബിയുടെ കൈ യിൽ തീപ്പെട്ടിയില്ലേ.

ബേബി:— എടാ കുഞ്ഞുമോനെ—(കുഞ്ഞുമോൻ അണിയറയിൽ വി

ളികോക്കുന്നു.) ആ തീപ്പെട്ടി ഇങ്ങു കൊണ്ടുവന്നേ.(കുഞ്ഞുമോൻ തീപ്പെട്ടിയുമായി വരുന്നു—പോത്തൻ തീപ്പെട്ടിയുരച്ചുകത്തിച്ചു വലിക്കുന്നു. ബേബിയും ഒരു ബീഡിയെടുത്തുകത്തിക്കുന്നു)

പോത്തൻ:— കുഞ്ഞുമോൻ ഏതു ക്ലാസ്സിലാ പഠിക്കുന്നതു്.

കുഞ്ഞു:— മൂന്നിൽ

പോത്തൻ:— ഇവനെ പഠിപ്പിക്കണം കേട്ടോ ബേബി· പഠിച്ച് ആളായാൽ ഭാവിയിൽ ബേബിക്കൊരു തുണയായിരിക്കും. (കുഞ്ഞുമോൻ തീപ്പെട്ടി വാങ്ങി പോകുന്നു)

ബേബി:— പാവപ്പെട്ടവൻ പഠിച്ചാലും വിശേഷമില്ല സാറേ. ഞാൻ തന്നെ സ്കൂൾഫൈനൽ പാസ്സായതാ. ഒരു ജോലികിട്ടാനില്ലാഞ്ഞിട്ടാ ഫാക്ടറിയിൽ പോയി കൂലിപ്പണിയെടുക്കുന്നതു്· അവനെ എൻെറ കഴിവുപോലെ പഠിപ്പിക്കണമെന്നുണ്ടു്.

പോത്തൻ:— ശരിയാണു ബേബി. തൊഴിലില്ലാത്ത അഭ്യസ്ത വിദ്യർ ഇന്നു ധാരാളമുണ്ടു്· ഭാവിയിൽ ഈ ഗതികേടു വരാതിരിക്കാനാ ഫാമിലി പ്ലാനിങ്ങിൻെറ ഉദ്ദേശ്യം.

ബേബി:— അതുകൊണ്ടാണല്ലോ ഞാനിതിനു സമ്മതിച്ചതു്. പിന്നെ—കേട്ടോ സാറേ, ഈ വിവരം ആരോടും പറയരുതു്. പുറത്തെങ്ങാനും അറിഞ്ഞാൽ പിന്നെ കിടക്കപ്പൊറുതിയില്ല. ഞങ്ങടെ വടക്കേതിലെ വറീതുചേട്ടനുണ്ടു്. അതിയാനാ വല്യ ശല്യക്കാരൻ. ഞായറാഴ്ച പള്ളിയിൽ പോയില്ലെങ്കിൽ വന്നു വഴക്കുപറയും.

പോത്തൻ:— നിങ്ങൾ തമ്മിൽ എങ്ങനെയാ വീട്ടുകാരാണോ.

ബേബി:— ബന്ധമൊന്നുമില്ല. എന്നാലും വളരെ ഉപകാരംചെയ്യുന്ന മനുഷ്യനാ·

പോത്തൻ:— ഇതു ബേബിയുടെ വ്യക്തിപരമായ കാര്യമാ. അതിൽ ആരും ഇടപെടേണ്ടന്നു് ബേബിക്കു പറയാം. അതാണല്ലോ മിസ്സസ് ബേബിയുടെ കാര്യത്തിൽ നമുക്കു ഫോഴ്സു ചെലുത്താൻ വയ്യാതെപോയതു്. ഏതായാലും ഞാൻ മൂപ്പീന്നിനെ ഒന്നു കാണണമെന്നു വിചാരിക്കുവാ.

ബേബി:— അവിടെ നമ്മുടെ ഉദ്ദേശ്യത്തിനു പററിയവരാരുമില്ല.

പോത്തൻ:— അതിനല്ല. സംവിധാനത്തിനെതിരായി പ്രചരണം നടത്തരുതെന്നു പറയാൻ.

ബേബി:— അതുകൊള്ളാം. പക്ഷെ വയസ്സൻ കുറച്ചു കുഴപ്പക്കാരനാ. സൂക്ഷിച്ചുവേണം.

പോത്തൻ:— ഇതിലും വലിയ കുഴപ്പക്കാരെ ഞാൻ കണ്ടിട്ടുണ്ടു ബേബി, പിന്നെ ആരൊക്കെയാണ് ഇവിടെ ജനസ്വാധീനമുള്ള ആളുകാം. അവരെ ഒന്നു വശത്താക്കണം.

ബേബി:— ഒരു നാരായണപിള്ളയുണ്ട്. കോൺഗ്രസ് പ്രവത്തകനാ. സാമാന്യം എല്ലാവക്കും നല്ല തൃപ്തിയാ.

പോത്തൻ:— എന്നാൽ അയാളെയും ഒന്നു കാണാം. വേണ്ടപ്പെട്ടവരെയെല്ലാം നേരത്തെ കണ്ടാൽ അവരുടെ എതിർപ്രചരണങ്ങാം അവസാനിപ്പിക്കാൻ സാധിക്കും.

ബേബി:— നമ്മുടെ പള്ളിക്കാരെ സൂക്ഷിക്കണം സാറെ. അവക്കൊരു വിട്ടുവീഴ്ചയുമില്ല.

പോത്തൻ:— അതൊക്കെ പണ്ടായിരുന്നു പള്ളിക്കാരുടെ സ്വാധീനം. ഇനി അതൊന്നും നടപ്പില്ല. സമയമൊത്തിരിയായി. ഞാനിറങ്ങട്ടെ.

ബേബി:— കാപ്പികുടി കഴിഞ്ഞുപോകാം സാറേ.

പോത്തൻ:— വേണ്ട ബേബി. ഇനിഒരിക്കൽ കാപ്പികുടിക്കാം. പോരെങ്കിൽ മിസ്സസ് ബേബിക്ക് എന്നോടു വലിയ രസവും കാണുകില്ല.

ബേബി:— അതൊന്നും സാരമില്ല.

പോത്തൻ:— ഇനി പിന്നീടെങ്ങാനും ആകാം. ഞാനിറങ്ങട്ടെ.

ബേബി:— എന്നാൽ സാറിൻെറ ഇഷ്ടംപോലെ,

പോത്തൻ:— ആ ഫോറം പൂരിപ്പിക്കുന്ന കാര്യം മറക്കരുത്.

ബേബി:— ഒവ്വ.

(പോത്തൻ പോകുന്നു, ബേബി നോക്കിനിൽക്കുന്നു)

[കർട്ടൻ]

## രംഗം മൂന്നു്

[വറീതുചേട്ടൻെറ വീട്ട്. വറീതുചേട്ടൻ പത്രംവായനയിൽ മുഴുകിയിരിക്കുന്നു. കുറച്ചുകഴിഞ്ഞു് പോത്തൻസാറു വരുന്നു.]

പോത്തൻ:— വളരെനാളായി ഒന്നു കാണണമെന്നു വിചാരിച്ചിട്ട്. ഇന്നാണു തരപ്പെട്ടതു്.

വറീതു്:— (പത്രത്തിൽനിന്നു കണ്ണുകളുയർത്തി) ആരെ? എന്നെയാണോ? ഏതാ മനസ്സിലായില്ലല്ലോ.

പോത്തൻ:— ഞാനാണു് ഈ പ്രദേശത്തേക്കു നിയുക്തനായിരിക്കുന്ന ഫാമിലിപ്ലാനിംഗ് പ്രചാരകൻ.

വറീതു്:— ഓഹാ. ഇരിക്ക്. അപ്പോഠം പേരു്.

പോത്തൻ:— പോത്തൻസാറു്.

വറീതു്:— സാറിനെ ഞാൻ എങ്ങാണ്ടൊക്കെവെച്ചു കണ്ടിട്ടൊള്ളപോലെ തോന്നുന്നു.

പോത്തൻ:— കണ്ടുകാണണം. എനിക്കു ഫീൽഡുവർക്കാണു കൂടുതൽ.

വറീതു്:— പിന്നെയെന്താ ഇങ്ങോട്ടൊക്കെ ഇറങ്ങിയതു്.

പോത്തൻ:— വിശേഷിച്ചൊന്നുമില്ല. നിങ്ങളെയെല്ലാവരെയും കണ്ടു ക്ഷേമാന്വേഷണം നടത്തുകയാണു് എൻെറ പ്രധാനജോലി. ആകട്ടെ ഒരു കാര്യം ചോദിച്ചോട്ടെ. സന്താനനിയന്ത്രണത്തെപ്പററി ചേട്ടനുള്ള അഭിപ്രായമെന്താ?

വറീതു്:— അതു വളരെ ആവശ്യമാണു്.

പോത്തൻ:— സന്താനനിയന്ത്രണം ആവശ്യമാണെന്നാണു് ചേട്ടൻെറ അഭിപ്രായം അല്ലെ?

റീതു്:— പിന്നെയല്ലെ. നമ്മുടെ സന്താനങ്ങളെ നാം നിയന്ത്രിച്ചു

തന്നെ വളത്തണം. അല്ലെങ്കിൽ പ്രായമാകുമ്പോഠം അവർ മഹാ തോന്ന്യാസികളായിപ്പോകും.

പോത്തൻ:— എൻെറ ചോദ്യം ചേട്ടനു മനസ്സിലായില്ലെന്നു തോന്നുന്നു. ഞാൻ ചോദിച്ചതു ഫാമിലിപ്ലാനിംഗിനെപ്പററിയാണ്.

വറീതു്:— (മനസ്സിലാകാത്തതുപോലെ) പിടികിട്ടുന്നില്ലല്ലോ.

പോത്തൻ:— കുടുംബസംവിധാനത്തെപ്പററിയുള്ള കാര്യമാ ഞാൻ ചോദിച്ചതു്.

വറീതു്:— ഓ— അതേപ്പററി എനിക്കെന്നാ അറിയാം സാറെ. ഞങ്ങടെ ചെറുക്കന് ഒരു വീടുപണിയാൻ ആ ശങ്കുആശാരിയെ വിളിച്ചാ സ്ഥാനംകണ്ടതും കുറിമാനം കുറിപ്പിച്ചതും മററും.. ആ ശങ്കുആശാരിയെ കണ്ടാൽ കുടുംബസംവിധാനത്തെപ്പററി വല്ലോം പിടികിട്ടിയേക്കും.

പോത്തൻ:— ഞാൻ ഉദ്ദേശിക്കുന്നതിനു ഘടകവിരുദ്ധമാണു ചേട്ടൻ പറയുന്നതു്.

വറീതു്:— അങ്ങനെയാണോ. കുടുംബസംവിധാനം എന്നുവച്ചാൽ കുടുംബംസംവിധാനംചെയ്യേണ്ടതു് എങ്ങനെയാണ് എന്നറിയുകയല്ലേ. അതാശാരിക്കേ പററൂ. അല്ലെങ്കിൽ എൻജിനീയറാകണം.

പോത്തൻ:— ഞാൻ എല്ലാം വിശദമായി പറയാം. നമ്മുടെ രാഷ്ട്രം സാമ്പത്തികമായി താണ ഒന്നാണ്. ജനപ്പെരുപ്പംമൂലം ഒന്നിനൊന്നു താണുകൊണ്ടാണിരിക്കുന്നതു്. ഇപ്പഴത്തെ നിരക്കിൽ ജനംപെരുകിയാൽ അടുത്തഭാവിയിൽ ഭൂമിയിൽ കാലുകുത്താൻ സ്ഥലംകാണത്തില്ല. ഇതെല്ലാം പരിഗണിച്ച് നമ്മുടെ ഗവണ്മെൻറ് ഒരു പദ്ധതി ആസൂത്രണംചെയ്തിട്ടുണ്ട്. ഞാൻ പറഞ്ഞുവരുന്നതു മനസ്സിലാകുന്നുണ്ടോ.

വറീതു്:— ഉണ്ടു്. പറഞ്ഞോ.

പോത്തൻ:— ആ പദ്ധതിയിൽപെട്ടതാണ് ഫാമിലിപ്ലാനിംഗ്. അതായതു ജനനനിയന്ത്രണം.

വറീതു്:— ഇതിനാണോ ഇത്രയും വളച്ചുകെട്ടി പറഞ്ഞതു്.

പോത്തൻ:— ഇൻഡ്യയിലെ ജനപ്പെരുപ്പം കുറയ്ക്കാൻ എല്ലാവർക്കും കടമയുണ്ട്. ജനനനിയന്ത്രണത്തിൽ എല്ലാവരും ശ്രദ്ധിക്കണം.

വറീതു്:— എനിക്കും ആ കാര്യത്തിൽ വളരെ അനുകൂലാഭിപ്രായമാണ്. ജനനനിയന്ത്രണം ആവശ്യമാണു്.

പോത്തൻ:— അപ്പോഠം ചേട്ടനക്കാര്യത്തിൽ എതിരില്ല അല്ലേ.

വറീതു്:— ഹേ– എന്തിനാണു് എതിർക്കുന്നതു്. പക്ഷെ എങ്ങിനെ നിയന്ത്രിക്കണമെന്നാണു് സാറിന്റെ അഭിപ്രായം.

പോത്തൻ:— കൃത്രിമ ഉപാധികഠംസ്വീകരിച്ചും ഓപ്പറേഷൻകൊണ്ടും സാധിക്കാം.

വറീതു്:— ദേ– അവിടെയാണു നമ്മഠംതമ്മിൽ തെററുന്നതു്.

പോത്തൻ:— അതെന്താ.

വറീതു്:— ഞാൻ പറയുന്ന നിയന്ത്രണം അതല്ല. ആത്മസംയമനം മൂലമുള്ള നിയന്ത്രണമാണാവശ്യം. മററതിനോടാണു് എനിക്കു് എതിർപ്പു്.

പോത്തൻ:— അതെന്തിനാ എതിർക്കുന്നതു്.

വറീതു്:— ഒന്നാമതു് എന്റെ വിശ്വാസപ്രകാരം അതു പാപമാണു്. ദൈവദത്തമായി കിട്ടിയിരിക്കുന്ന കഴിവുകഠം മനപൂർവ്വംനശിപ്പിക്കുന്നതു ഗൗരവതരമായ പാപമായിരിക്കും.

പോത്തൻ:— അതൊക്കെ ഈ അച്ചന്മാരു പറയുന്നതല്ലേ ചേട്ടാ.

വറീതു്:— അച്ചന്മാരുതന്നെയല്ല- സുബോധമുള്ളവരെല്ലാം പറയുന്നതാ. അതുതന്നെയല്ല കൃത്രിമ ഉപകരണങ്ങളുടെ ഉപയോഗം മൂലം തീരാവ്യാധികഠം ധാരാളമായി ഉണ്ടാകും.

പോത്തൻ:— ഇതെല്ലാം കുപ്രചരണമാണു ചേട്ടാ. ഇതിലൊന്നും യാതൊരു വാസ്തവവുമില്ല.

വറീതു്:— തീരാവ്യാധികഠം ഉണ്ടായതായി ധാരാളം തെളിവുകഠം ഉണ്ടു്. മാനസ്സികരോഗങ്ങളും ഈ കൂട്ടത്തിൽ ഒട്ടും കുറവല്ല.

പോത്തൻ:— ഇതൊക്കെ വെറും നുണയാണു ചേട്ടാ.

19894

വറീതു്:— ജനനനിയന്ത്രണം ഏർപ്പെടുത്തിയ രാജ്യങ്ങളിലെ സ്ഥിതിയാണു് ഞാൻ പറഞ്ഞതു്. ഇതിനെല്ലാം ധാരാളം ഡാക്ടറന്മാരുടെ തെളിവുകളുണ്ടു്. അതെല്ലാം നൽകുന്ന ഗ്രന്ഥങ്ങൾ ഇന്നു ധാരാളമുണ്ടു്. സാറൊന്നും വായിച്ചിട്ടല്ലെ.

പോത്തൻ:— ചേട്ടൻ പറഞ്ഞരീതിയിലുള്ള നിയന്ത്രണം ഇന്നു നടപ്പില്ല. ആരെക്കൊണ്ടും അതു പ്രായോഗികമാക്കാൻപററിയേല.

വറീതു്:— കഴിവുള്ളവൻ ചെയ്യട്ടെ.

പോത്തൻ:— അപ്പോൾ ജനങ്ങൾ പെരുകട്ടെയെന്നാണു ചേട്ടൻെറ അഭിപ്രായം അല്ലേ.

വറീതു്:— പെരുകിയാലും വലിയതെററില്ല. ഇന്നു് ഈ പദ്ധതികൾവേണ്ടി കോടിക്കണക്കിനു രൂപാ ഗവൺമെൻറു ചെലവാക്കുന്നില്ലേ. ഈ പണംകൊണ്ടു ശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങൾ നടപ്പിൽ വരുത്തണം. ഒന്നു വിളയുന്നിടത്തു പത്തു വിളയിക്കണം. അപ്പഴോ. ഇൻഡ്യാ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു രാജ്യമാണെന്നോർക്കണം. ശാസ്ത്രീയമായ കൃഷി ഇൻഡ്യയിൽ വൻതോതിലൊന്നും ആയിട്ടില്ല. അതു നടപ്പാക്കണം. അതുമൂലം ഭക്ഷ്യപ്രശ്നം തീരും.

പോത്തൻ:— ചേട്ടൻ വെറും സാധാരണരീതിയിലുള്ള കണക്കുകൂട്ടലാണു നടത്തുന്നതു്. ഇന്നത്തെ നിരക്കിൽ ജനംപെരുകിയാൽ കൃഷി എത്ര വിപുലമാക്കിയാലും രക്ഷയില്ല.

വറീതു്:— കൃഷിതന്നെ പോരാ, വ്യാവസായികരംഗത്തും വൻതോതിൽ പ്രവർത്തിക്കണം. കോടിക്കണക്കിനു രൂപാ ഈ മഹാപാതകത്തിനുവേണ്ടി ചെലവാക്കുന്നില്ലെ. ആ തുക പുതിയ പ്രായോഗികപദ്ധതികൾക്കു വിനിയോഗിച്ചുകൂടെ.

പോത്തൻ:— ചേട്ടൻ വിശാലവീക്ഷണത്തിലാണു് എല്ലാം കാണുന്നതു്. പക്ഷെ അതല്ല ഇന്നാവശ്യം. കുടുംബസംവിധാനംമൂലം ജനപ്പെരുപ്പം തടഞ്ഞില്ലെങ്കിൽ ഒരു രക്ഷയുമില്ല. മററു പദ്ധതികൾ ഒട്ടു വിജയിക്കാനും പോകുന്നില്ല.

വറീതു്:— ഇതെല്ലാം എന്തിനാ സാറെ എന്നോടു പറയുന്നതു്. കൃഷി

പ്പണിയാണേലും കുറച്ചു പത്രം വായിക്കുന്ന കൂട്ടത്തിലാ ഞാൻ. ഒന്നു ചോദിച്ചോട്ടെ. ഇതുപോലുള്ള പദ്ധതികൾമൂലം നശിച്ച രാജ്യങ്ങളില്ലെ. ജനനനിയന്ത്രണത്തിനുവേണ്ടി കോടിക്കണെക്കിനു പണം ചെലവാക്കിയവർതന്നെയല്ലെ കൂടുതൽ മക്കളുള്ള അമ്മമാരെ തേടി പണവും ബഹുമതിപത്രവുമായി നടന്നതു്. ജനനനിയന്ത്രണം നടപ്പിലാക്കിയ രാജ്യങ്ങളിലെല്ലാം തന്നെ ഇപ്പോൾ കർശനമായി അതു മുടക്കുന്നതും നാം അറിയുന്ന സംഗതിയല്ലെ.

പോത്തൻ:— ഇതു് ഇൻഡ്യയെ സംബന്ധിച്ച പ്രശ്നമാണു്. ചേട്ടനോട്ടു് ഇനി തർക്കിക്കണമെന്നിനിക്കുദ്ദേശ്യമില്ല. ഞാനിറങ്ങുകയാണു്.

വറീതു്:—കൊള്ളാംദൈവത്തെ ഓർത്തു് ഈ നാട്ടിലെ ചെറുപ്പക്കാരെ വഴിപിഴപ്പിക്കരുതു്.

പോത്തൻ:— ഏതായാലും ഗുണംചെയ്തില്ലെങ്കിലും ദോഷം ചെയ്യേക്കരുതു്. ഇതിനെതിരായി പ്രചരണം നടത്തരുതു്. ഇതു നമ്മുടെ രാഷ്ട്രത്തിന്റെ പ്രശ്നമാണു്.

വറീതു്:— ഏതു നിയമപ്രകാരമാണു പ്രചരണം നടത്തരുതെന്നു പറഞ്ഞതു്. ഈ രാജ്യത്തിലെ ഓരോ വ്യക്തിയും തീരാവ്യാധിയാലും മാനസികക്ലേശത്താലും വലയുന്നതു കണ്ടുകൊണ്ടിരിക്കണമെന്നാണോ പറയുന്നതു്.

പോത്തൻ:— ഏതായാലും ഇവിടെ അനുഭവമൊന്നുമില്ലല്ലോ.

വറീതു്:— ഇതു നടപ്പാക്കിയ രാജ്യങ്ങളിലെല്ലാമുണ്ടു്. അതു് ഇവിടെയും സംഭവിക്കുന്നതു കുറെയെങ്കിലും, അധിക താമസംകൂടാതെ കാണേണ്ടിവരുമെന്നാണു തോന്നുന്നതു്.

പോത്തൻ:— ഞാനിറങ്ങട്ടെ. ഉപകാരം ചെയ്തില്ലെങ്കിലും ഉപദ്രവിച്ചേക്കരുതു്.

വറീതു്:— അതെല്ലാം ചിന്തിച്ചുചെയ്യേണ്ടകാര്യങ്ങളാണു്. എന്നാലിറങ്ങു് നമുക്കിനിയും പലടത്തുംവച്ചു കണ്ടുമുട്ടാമെന്നു വിശ്വസിക്കുന്നു.

(പോത്തൻ മൗനമായി നടന്നുപോകുന്നു: വറീതു്, സാറാപോയ

വഴി നോക്കിനിൽക്കുന്നു. അല്പം കഴിഞ്ഞു് അണിയറയിലേക്കു നോക്കി)

വറീതു്:— എടിയേ, ഓ- ഇവളുടെ ചെവിയിലെന്നതാ. (അല്പം കൂടി ഉറക്കെ) എടീ ഒറോതെ (അണിയറയിൽ ഒരു സ്ത്രീ വിളികേൾക്കുന്നു) ഒന്നു കുടിക്കാനിങ്ങു കൊണ്ടുവന്നേ. ഉപ്പു കുറച്ചൊഴിച്ചാൽ മതി കേട്ടോ.

സ്ത്രീ:— (അണിയറയിൽനിന്നുതന്നെ) ഞാനീ പശുവിനു് ഇത്തിരി വെള്ളം കൊടുക്കുവാ.

വറീതു്:— പാപ്പച്ചനെന്തിയേടീ-

സ്ത്രീ:— അവൻ പീടിയേൽ പോയിരിക്കുവാ

വറീതു്;— എന്നാൽ ഞാൻ തന്നെ എടുത്തോളാം. നീ പശുവിനു വെള്ളം കൊടുത്തോ. (അണിയറയിലേക്കു പോകുന്നു. അല്പം കഴിഞ്ഞു നാരായണപിള്ള വരുന്നു.)

നാരാ:— ഇവിടാരുമില്ലേ— വറീതുമാപ്പളേ.

വറീതു്:— (അണിയറയിൽനിന്നു്) ആരാ അതു്?. വരുന്നു.

നാരാ:— ഞാനാ വറീതുമാപ്പളേ— നാരായണപിള്ള.

വറീതു്:— പിള്ളേച്ചനാകസേരേലോട്ടിരി. ഞാൻതേ വരുന്നു. (നാരായണപിള്ള കസേരയിൽ ഇരിക്കുന്നു. പത്രം എടുത്തു മറിച്ചു നോക്കുന്നു. കുറച്ചുകഴിഞ്ഞു വറീതുചേട്ടൻ പ്രവേശിക്കുന്നു)

വറീതു്:— ഞാൻ താമസിച്ചോ. ഇരുന്നു മുഷിഞ്ഞായിരിക്കും.

നാരാ:— ഇന്നെന്താ അകത്തു പണിയാൻകേറിയതു്. പെമ്പിളയില്ലേ ഇവിടെ.

വറീതു്:— ഉണ്ടു്: അവരും പശുവിനു വെള്ളംകൊടുക്കുവാ. ഞാനല്പം മോരുംവെള്ളംകുടിക്കാൻ കയറിയതാ. ഒരുത്തനുമായി നാക്കിട്ടടിച്ചു നാക്കിലെ വെള്ളംവററി.

നാരാ:— ആരുമായിട്ടാ ബോൽത്താ ഉണ്ടായതു്.

വറീതു്:— ഫാമിലിപ്ലാനിംഗ്പ്രചാരകനാണെന്നും പറഞ്ഞു ഒരുത്ത

നിവിടെ വന്നിരുന്നു. ഞാനവനെ ഒന്നു പുഴുങ്ങിയാ വിട്ടതു്.

നാരാ:— ആഹാ ഇവിടെ എന്തിനു വന്നതാ.

വറീതു്:— അവരുടെ പ്രസ്ഥാനത്തിനു് എതിർ പ്രചരണം നടത്തരുതെന്നു പറയാൻ. ഞാൻ ആദ്യം കുറെ മണ്ടനായി അഭിനയിക്കേണ്ടിവന്നു, ഇതേപ്പററി ഒരു പിടിപാടുമില്ലാത്തവനെപ്പോലെ.

നാരാ:— എന്തുപറഞ്ഞു വിട്ടു.

വറീതു്:— നമുക്കിനിയും കാണാമെന്നു പറഞ്ഞുവിട്ടു. ഏതായാലും കേട്ടോ നാരായണപിള്ളേ നാടുമുടിയുന്ന ലക്ഷണമാ. തീ കണ്ടു് അടുക്കുന്ന വെള്ളീച്ചയെപ്പോലെ നമ്മുടെ യുവജനങ്ങരം ആകർഷിക്കപ്പെട്ടുപോയേക്കും.

നാരാ:— എന്തു ചെയ്യാനാ വറീതുമാപ്പളേ. നമ്മളാരും പറഞ്ഞാൽ ആരും ചെവിക്കൊള്ളുകില്ല. എങ്കിലും നമ്മുടെ കടമ നാം നിറവേററണം.

വറീതു്:— പിന്നെയെന്താ പിള്ളേച്ചനിങ്ങോട്ടിറങ്ങിയതു്.

നാരാ:— ഇന്നു നമ്മുടെ പുതിയ വഴിവെട്ടു തുടങ്ങണോന്നു വിചാരിക്കുവാ. ആളുകരം അങ്ങോട്ടു പോയിട്ടുണ്ടു്. വറീതുമാപ്പളെ കണ്ടു കാര്യം പറയാനാ ഇങ്ങോട്ടു കയറിയതു്.

വറീതു്:— എന്നാൽ ഞാനും വരുന്നു. പണിയാൻ നല്ല ആരോഗ്യമില്ലെങ്കിലും വന്നു വല്ലോം സഹായിച്ചാൽ അത്രയും ആയില്ലേ.

നാരാ:— എന്നാൽ വാ. നമുക്കിറങ്ങാം.

(രണ്ടുപേരും പോകുന്നു.)

[കർട്ടൻ]

## രംഗം നാല്

(ബേബിയുടെ ഭവനം മേരി ഒരു തുണി തയ്ച്ചുകൊണ്ടിരിക്കുന്നു. കുഞ്ഞുമോൻ അട്ടത്തിരുന്നു സ്ലേററിൽ എഴുതുന്നു.)

കുഞ്ഞു:— കേട്ടോമ്മേ, ഇന്നാളിവിടെ വന്ന പോത്തൻസാറില്ലേ, അയാളെ ഇന്നലെ ഞാൻ വഴീവച്ചുകണ്ടു. എന്നെ കണ്ടു സാറു ചിരിച്ചു.

മേരി:— (ശ്രദ്ധിക്കാത്തമട്ടിലിരിക്കുന്നു)

കുഞ്ഞു:— എന്നിട്ടുകേട്ടോമ്മേ, കുഞ്ഞുമോൻ പള്ളിക്കൂടത്തിൽപോയതാണോടാന്നു ചോദിച്ചു. ഞാൻ, അതേന്നു പറഞ്ഞു.

മേരി:— നീയവിടെ ഇരുന്നു കണക്കു ചെയ്യ്. നിൻെറയൊരു പോത്തൻസാറ്.

കുഞ്ഞു:— അങ്ങനെയാണേ ഞാനൊന്നും മിണ്ടുന്നില്ല.

(മുഖംവീർപ്പിച്ചിരിക്കുന്നു)

മേരി:— (കുറച്ചുകഴിഞ്ഞ്) കഴിഞ്ഞ പരീക്ഷക്കു നിനക്കു കണക്കിനെത്രമാക്കു കിട്ടിയെടാ.

കുഞ്ഞു:— അമ്മയാണല്ലോ പിന്നേം വത്തമാനം പറഞ്ഞോണ്ടു വരുന്നതു്. അമ്മ ചോദിച്ചകാരണം എൻെറ കണക്കു തെററി.

മേരി:— എന്നാൽ നീ കണക്കുചെയ്തോ. ഞാനൊന്നും മിണ്ടുന്നില്ല.

(അല്പനേരം രണ്ടുപേരും മൗനം)

കുഞ്ഞു:— (കുറച്ചുകഴിഞ്ഞ്) കേട്ടോമ്മേ, അമ്മയോടൊരു കാര്യം പറയാൻ മറന്നുപോയി. ഇന്നലെ ഞങ്ങടെ ജനഗണമന പാടിക്കൊണ്ടിരുന്നപ്പം ഞങ്ങടെ തങ്കമ്മ ടീച്ചറൊരുതുമ്മ്— സാറിൻെറ വെപ്പുപല്ലുമുഴവൻ തെറിച്ചുപോയി.

മേരി:— ഓ ഒരു വിശേഷം എഴുന്നെള്ളിക്കുന്നു. നിങ്ങടെ സാറന്മാരുടെ കുററമൊന്നും ഇവിടെ പറയരുതെന്നു പറഞ്ഞിട്ടില്ലേ.

കുഞ്ഞു:— ഇനി ഒരിക്കലും ഞാനമ്മയോട മിണ്ടിയേല.

മേരി:— എനിക്ക വലിയ കേടാ നീ മിണ്ടാതിരുന്നാൽ.

കുഞ്ഞു:— ഞാൻ വല്യതാകുമ്പം അമ്മക്ക ചട്ടേം തുണീം മേടിച്ചുതരിയേല. (മുഖം വീർപ്പിച്ചിരിക്കുന്നു. ബേബി പ്രവേശിക്കുന്നു.)

മേരി:— കേട്ടോ നമ്മുടെ കുഞ്ഞുമോൻ പറഞ്ഞതു്. അവൻ വല്യതാകുമ്പം എനിക്ക ചട്ടേം തുണീം മേടിച്ചുതരിയേലെന്നു്.

ബേബി:— നേരാണോടാ.

കുഞ്ഞു:— ഞാൻ ചുമ്മാ പറഞ്ഞതാ അപ്പച്ചാ.

ബേബി:— നീ പോയി ആ പരീതിൻെറ മാടത്തേന്നു് ഒരണക്ക ബീഡിമേടിച്ചോണ്ടുവാ (അണകൊടുക്കുന്നു)

കുഞ്ഞു:— ചെറിയ ബീഡിയാണോ വലുതാണോ.

ബേബി:— ചെറുതുമതി. വേഗം പോയിട്ടുവരണം.

(കുഞ്ഞുമോൻ പോകുന്നു.)

ബേബി:— നീ ആ പോത്തൻസാറു പറഞ്ഞകാര്യത്തെപ്പററി ചിന്തിച്ചോ.

മേരി:— ഞാനെന്തിനാ ആവശ്യമില്ലാത്ത കാര്യമൊക്കെ ചിന്തിക്കുന്നതു്.

ബേബി:— നിന്നെപ്പോലുള്ള എത്രപേരാ ആശുപത്രിയിൽ ചെന്നു് കാര്യംകണ്ടിട്ടു പോകുന്നതു്. നീ മാത്രം ഒരു ബുദ്ധിമതി!

മേരി:— എനിക്ക ബുദ്ധികുറച്ചു കുറവായിരിക്കും. ഏതായാലും ഇനി എന്നെ വെറുതെ അതിനു നിർബന്ധിക്കരുതു്. ഞാനെൻെറ കാര്യം നേരത്തെ പറഞ്ഞില്ലേ.

ബേബി:— നിന്നെ ആരും നിർബ്ബന്ധിക്കാൻ പോണില്ല. നീ സമ്മതിച്ചില്ലെങ്കിൽ ഞാൻ ഓപ്പറേഷൻ നടത്താൻ പോകുവാ.

മേരി:— നിങ്ങടെ വെറുതെ ദൈവശാപം തലയിൽ കെട്ടിവക്കരുതു്.

ബേബി:— ഞാനാ ശാപമേററു. പോരെ. നീ എന്നെ ഉപദേശിക്കാനൊന്നും പോരണ്ട കേട്ടോ. എടീ ഓർത്തുനോക്കിയിട്ടു ഭാവിയെപ്പററി ഒരെത്തും പിടിയും കിട്ടുന്നില്ല. നിനക്ക വല്ലതു

മൊക്കെ പറഞ്ഞാൽ മതി, ഞാനാണു നരകിക്കുന്നതു്.

മേരി:— നമ്മുടെ കാരണവന്മാരാരും ഇങ്ങനെയല്ലല്ലോ ജീവിച്ചതു്. അവർക്കു വലിയ കുഴപ്പമൊന്നും പററികണ്ടില്ലല്ലൊ.

ബേബി:— കാലം മാറുംതോറും മനുഷ്യരും പുരോഗമിച്ചുകൊണ്ടിരിക്കും.

മേരി:— ഇതു നല്ല പുരോഗമനമാ. കുടുംബം നശിപ്പിച്ചുകൊണ്ടുള്ള പുരോഗമനം.

ബേബി:— നീ ഏതായാലും ന്യായവാദമൊന്നും ചെയ്യണ്ട. എൻെറ കാര്യം ഞാൻ തീരുമാനിച്ചോളാം. പോരെങ്കിൽ 25 രൂപാ പാരിതോഷികവും കിട്ടും. ഇതാ ഞാനതിൻെറ ഫോറം കൊണ്ടുവന്നിട്ടുണ്ടു്.

മേരി:— എനിക്കൊന്നും കാണണ്ട. എൻെറ കർത്താവേ! എന്തെല്ലാമാണോ വന്നു സംഭവിക്കാൻ പോകുന്നതു്.

ബേബി:— ദേ, ഇവിടെ നിൻെറ ഒപ്പുകൂടി ഇടണം.

(ഫോറം നീട്ടി കാണിക്കുന്നു.)

മേരി:— എനിക്കിതിനു കൂട്ടുനിൽക്കാൻ പററിയേല.

ബേബി:— നീയൊന്നും ചെയ്യണ്ട. ഒരൊപ്പിട്ടു തന്നാൽമതി.

മേരി:— എന്നെക്കൊണ്ടു പററിയേല.

ബേബി:— പററിയേലെങ്കിൽവേണ്ട. ഞാൻതന്നെ ഇട്ടുകൊള്ളാം. നിൻെറ ഒപ്പിടാനൊന്നും എനിക്കു വലിയ പ്രയാസമില്ല.

മേരി:— ഞാൻ വീണ്ടും പറയുവാ നമുക്കിതിൻെറ ആവശ്യമൊന്നുമില്ല. നമ്മുടെ കുടുംബം നശിപ്പിക്കാനുള്ള പണിയാ ഇതു്. 25 രൂപാ കിട്ടുമെന്നു കരുതി നിങ്ങൾ അബദ്ധത്തിൽ ചാടരുതു്.

ബേബി:— മതിയെടീ നിൻെറ ബുദ്ധിയുപദേശം. എൻെറ കാര്യം ഞാൻ തീരുമാനിച്ചുകൊള്ളാം. ഓ! അവളൊരു പഠിപ്പുകാരത്തി ഞെളിയുന്നു. (വറീതുചേട്ടൻ പ്രവേശിക്കുന്നു.)

വറീതു്:— എന്താ ബേബി വിശേഷം.

ബേബി:— (രസിക്കാത്തമട്ടിൽ) ഓ, ഒന്നുമില്ല.

മേരി:— എൻെറ വറീതുചേട്ടാ ഇതിയാനൊരു കുടുക്കിൽ ചാടാൻ പോകുവാ. ഞാൻ പറഞ്ഞിട്ടു സമ്മതിക്കിയേല.

വറീതു്:— എന്നാ ാ ബേബി

ബേബി:— ഓ, വിശേഷിച്ചൊന്നുമില്ല.

മേരി:— ഞാൻ പറയാം വറീതുചേട്ടാ. ഒരു പോത്തൻസാറു് ഇതിലെ കറങ്ങി നടപ്പുണ്ടു്, പുതിയൊരു പദ്ധതിയുമായി

ബേബി:— (കയർത്തു്) നീ നിൻെറ പാട്ടനോക്കടീ ചിലയ്ക്കാതെ.

വറീതു്:— ഓഹോ—പോത്തൻസാറു് ഇവിടെയും വന്നിരുന്നോ. ബേബീ, നമുക്കൊന്നും ചേർന്നപണിയല്ലതു്.

ബേബി:— വറീതുചേട്ടൻ ആ പണിക്കു പോകണ്ട.

വറീതു്:— ബേബീ,നിനക്കു കുറച്ചു വിദ്യാഭ്യാസംമൊക്കെ ഇല്ലേ. കുറച്ചുകൂടി ചിന്തിച്ചു സംസാരിക്കു്. ഈ പദ്ധതിയുടെ ദൂഷ്യവശമൊന്നും നിനക്കറിയത്തില്ലേ

മേരി:— നിങ്ങളൊന്നു ചെവിതുറന്നു കേംക്കു്.

ബേബി:— ചിലയ്ക്കാതെ പോടീ അവിടുന്നു്. (മേരി അകത്തേക്കു പോകുന്നു.) അപ്പഴേ വറീതുചേട്ടാ. അതിൻെറ ഗുണവശങ്ങളെപ്പററി വല്ലതും ചേട്ടൻ ചിന്തിച്ചോ.

വറീതു്:— അതു ഞാൻ ചിന്തിച്ചില്ല. എന്താ കേംക്കട്ടെ.

ബേബി:— ജനപ്പെരുപ്പംമൂലം ഒന്നിനൊന്നു പട്ടിണിയിലേക്കു നിപതിക്കുന്ന നമ്മുടെ രാജ്യം കുടുംബസംവിധാനംകൊണ്ടേ ഉയരുകയുള്ളു.

വറീതു്:— അല്ലാതെ ഉയരാൻ സാദ്ധ്യമല്ല അല്ലേ. കോടിക്കണക്കിനു രൂപാ ഇതിനു ചെലവാക്കുന്നില്ലേ ബേബീ. അതുപയോഗിച്ചു കൃഷിയും വ്യവസായവും വികസിപ്പിക്കട്ടെ. അതല്ലേ നല്ലതു്. കുടുംബം നശിപ്പിച്ചാണോ രാജ്യം പുരോഗമിപ്പിക്കുന്നതു്. അങ്ങനെ ഒരു രാജ്യവും പുരോഗമിച്ചിട്ടില്ല; ഒട്ടു പുരോഗമിക്കാൻ പോകുന്നുമില്ല.

ബേബീ:— ഇതൊക്കെ പള്ളിയിൽ അച്ചന്മാരു പറയുന്നതല്ലേചേട്ടാ. അതിലൊന്നും ഒരു കഴമ്പുമില്ല.

വറീതു്:— അച്ഛന്മാരെ എന്തിനാബേബി ഇടയിലിടുന്നതു്. നമുക്കു ചിന്തിച്ചുകൂടെ. നിങ്ങൾ ഈ പദ്ധതിക്കു വഴിപ്പെട്ടാൽ അന്യോന്യം വിശ്വസിച്ചു ജീവിക്കാൻ പററുമോ. ഒരിക്കലെങ്കിലും ഹൃദയസമാധാനം കൈവരുത്തുവാൻ പററുമോ.

ബേബി:— അതൊന്നും ഒരു പ്രശ്നമല്ല ചേട്ടാ.

വറീതു്:— ഇതുമൂലം പല തീരാരോഗങ്ങളും ഉണ്ടാകാൻ സാധ്യതയുണ്ടു്. സൂക്ഷിച്ചാൽ ദു:ഖിക്കേണ്ട ബേബീ

ബേബി:— വറീതുചേട്ടാ ഇതെൻെറ കാര്യമാണു്. ഇതിൽ ചേട്ടൻ ഇടപെടാൻ പോരേണ്ട.

വറീതു്:— എനിക്കും പറഞ്ഞുതരുവാൻ കടമയുണ്ടെന്നാണു് എൻെറ വിശ്വാസം.

ബേബി:— വറീതുചേട്ടാ, എനിക്കു ചിന്തിക്കാനുള്ള കഴിവൊക്കെയുണ്ടു്. എൻെറ കാര്യം ഞാൻതന്നെ നിശ്ചയിച്ചുകൊള്ളാം.

വറീതു്:— സന്താനനിയന്ത്രണമാണു് നിൻെറ മുഖ്യ ഉദ്ദേശ്യമെങ്കിൽ ആത്മസംയമനംമൂലം അതു നടപ്പാക്കാൻ നോക്കു്. പരിശ്രമിച്ചാൽ നടക്കും ബേബി. അതുതന്നെയാണല്ലൊ ഗാന്ധിജിയും പറഞ്ഞിട്ടുള്ളതു്. സഭയും അതിനെ അനുകൂലിക്കുന്നുണ്ടല്ലൊ.

ബേബി:— (അല്പംപരുഷമായി) വറീതുചേട്ടാ, തനിക്കു് അച്ചന്മാരു വല്ല ശമ്പളവും തരുന്നുണ്ടോ ഈ പ്രചരണത്തിനു്. ഒരു സഭയും ഗാന്ധിയും! ഇനി തൻെറ പ്രസംഗമൊന്നും എനിക്കു കേൾക്കണ്ട.

വറീതു്:— കയർക്കാതെബേബി. വിവേകം വിട്ടുസംസാരിച്ചാൽ ഗുണമൊന്നുമില്ലല്ലൊ. നീ നല്ലതുപോലെ ഒന്നു ചിന്തിക്കു്. ഇതൊരു വിഷക്കനിയാണു്. നീയിതു ഭക്ഷിക്കരുതു്.

ബേബി:— ഞാൻ ഇതുമൂലം അങ്ങു നശിച്ചോട്ടെ. കാര്യം തീർന്നില്ലെ. ദയവുചെയ്തു ഈ വിധത്തിൽ സഹായിക്കാൻ പോരാതിരുന്നാൽ മതി.

വറീതു്:— ഞാൻ പോയേക്കാം ബേബി. ചിന്തിച്ചു പ്രവർത്തിച്ചാൽ നിനക്കു തന്നെ നല്ലതു്. എനിക്കെന്താ. (നടക്കുന്നു)

ബേബി:— ഇനിയെങ്കിലും ഈ കാര്യത്തിനു് ഇടപെടാൻ വരാതിരുന്നാൽ കൊള്ളാം.

വറീതു്— ഞാൽ വരുന്നില്ലടാ. നിൻെറയൊക്കെ ഇഷ്ടം. എല്ലാം അനുഭവിയ്ക്കുമ്പോഠം പഠിച്ചുകൊള്ളും.

(വറീതു് നടന്നു മറയുന്നു)

ബേബി:— (ഹാസ്യമായി) വരുന്നതുപോലെ അനുഭവിച്ചുകൊള്ളാം. വലിയ ഉപകാരം!

(മേരി പ്രവേശിക്കുന്നു)

മേരി:— നിങ്ങഠം എന്തു മനുഷ്യനാ. നമുക്കെന്തുപകാരമുള്ള മനുഷ്യനാ ആ വറീതുചേട്ടൻ. ഏതായാലും അതു വേണ്ടായിരുന്നു.

ബേബി:— (രൂക്ഷമായി നോക്കിയിട്ടു്) പോകുന്നുണ്ടോടീ അപ്പുറത്തു്.

മേരി:— നിങ്ങളെന്തിനാ എന്നോടു കോപിക്കുന്നതു്.

ബേബി:— നിന്നോടല്ലേ പോകാൻ പറഞ്ഞതു്.

(മേരിയുടെ കരണത്തടിക്കുന്നു. മേരി മുഖം പൊത്തികരഞ്ഞുകൊണ്ടു പോകുന്നു. ബേബി ദേഷ്യപ്പെട്ടു പുറത്തേക്കു പോകുന്നു.)

[കർട്ടൻ]

## രംഗം അഞ്ച്

[നാരായണപിള്ളയുടെ വസതി. നാരായണപിള്ള എഴുതിക്കൊണ്ടിരിക്കുന്നു. അല്പംകഴിഞ്ഞു വറീതുചേട്ടൻ വരുന്നു.]

വറീതു്:— ഞാൻവിചാരിച്ച പിള്ളേച്ചൻ ഇവിടെ കാണത്തില്ലെന്നു്. ഏതായാലും ഭാഗ്യത്തിനു കണ്ടുമുട്ടി.

നാരാ:— ഇരിക്കൂ വറീതുമാപ്പിളേ. പിന്നെന്താ വിശേഷം?

വറീതു്:— വിശേഷംവല്ലതുമുണ്ടെങ്കിൽ അറിയാനാ ഞാനിങ്ങു വന്നതു്. അവിടെ ഒററക്കിരുന്നുമടുത്തു.

നാരാ:— അതുകൊള്ളാം. ഇന്നത്തെ പേപ്പർ വായിച്ചോ.

വറീതു്:— എൻെറ പേപ്പർ ഇന്നു കിട്ടിയില്ലല്ലൊ. എന്താവിശേഷം

നാരാ:— നമ്മുടെ നിയമസഭയിൽ രസകരമായ ഒരു ചോദ്യം നടന്നിരിക്കുന്നു.

വറീതു്:— (ജിജ്ഞാസയോടെ) എന്താ

നാരാ:— കോട്ടയത്തു് ആശുപത്രിയിൽ ജനനനിയന്ത്രണത്തിനു ചെന്നവരെ വാക്കത്തികൊണ്ടു് ഓപ്പറേഷൻകഴിച്ചതായി അറിയാമോന്നു്.

വറീതു്:— മെഡിക്കൽമന്ത്രി എന്തുപറഞ്ഞു

നാരാ:— അതപ്പാടെ നിഷേധിച്ചു. വാക്കത്തിയൊന്നുമല്ലായിരുന്നു കേട്ടോ. തുരുമ്പുപിടിച്ച ഉപകരണങ്ങൾ ഉപയോഗിച്ചെന്നാണറിവു്

വറീതു്:— കേട്ടോ നാരാപിള്ളേ നമ്മുടെ ബേബി ആപ്പറേഷനു പോയി. അറിഞ്ഞോ?

നാരാ:— ആപ്പറേഷൻ കഴിച്ചോ

വറീതു്:— കഴിച്ചു. പക്ഷെ....

നാരാ:— എന്താ പക്ഷേ....

വറീതു്:— മുറിപ്പാടു് ഉണങ്ങുന്നില്ല. പഴുക്കുന്നുണ്ടു് നടക്കാൻവയ്യ. ആളങ്ങു് അടിഞ്ഞുപോയെന്നു പറഞ്ഞാൽ മതിയല്ലൊ. ധാരാളം രക്തം നഷ്ടപ്പെട്ടെന്നാ അറിവു്

നാരാ:— അതു കഷ്ടമായല്ലൊ. അപ്പോഠം കുടുംബം എങ്ങനെകഴിയുന്നു.

വറീതു്:— ഒന്നും അറിയത്തില്ല. രണ്ടാഴ്ചയായിട്ടു് ആളിരിപ്പാണു്.

നാരാ:— ആ പാവംപിടിച്ച സ്ത്രീ വിഷമിച്ചേക്കും.

വറീതു്:— ഞാൻ നേരത്തെ അവനെ ഉപദേശിച്ചതാ. പക്ഷെ ഒന്നു കേഠക്കണ്ടെ. ഞാൻ അച്ചന്മാരുടെ ശമ്പളം പററിയിട്ടാണു് അവനെ ഉപദേശിക്കാൻചെന്നതെന്നു ഒരാരോപണവും. പോരെ.

നാരാ:— നമ്മുടെ ചെറുപ്പക്കാരെല്ലാം ഈ വലയിൽ കുടുങ്ങുന്നലക്ഷണമാ. എന്താചെയ്ക.

വറീതു്:— നമ്മുടെ കടമയനുസരിച്ചുപറഞ്ഞുനോക്കുക. മനസ്സുള്ളവൻ കേഠക്കട്ടെ. അല്ലെങ്കിൽ അനുഭവിക്കട്ടെ.

നാരാ:— വറീതുമാപ്പിള ബേബിയുടെ വീട്ടിൽപോയി വിവരം ഒന്നന്വേഷിക്കണം. ഞാനും പിന്നീടു വരാം. ഒരു കുടുംബം നശിക്കുന്നതു് എങ്ങനെയാ നോക്കിനില്ക്കുന്നതു്.

വറീതു്:— ഞാനങ്ങോട്ടൊന്നു പോകണമെന്നുവിചാരിക്കുവാ. നല്ലൊരു ചെറുപ്പക്കാരനായിരുന്നു. പോത്തൻസാറിൻെറ കുടുക്കിൽ പെട്ടുപോയതാ. എന്താചെയ്ക.

നാരാ:— ഏതായാലും ബേബിയുടെ അനുഭവം എല്ലാവക്കും വരാതിരിക്കാൻ നമുക്കു സൂക്ഷിക്കണം. നമുക്കൊരു സ്റ്റഡീക്ലാസ്സു നടത്തിയാലെന്താ?

വറീതു്:— അതുകൊള്ളാം. ഇതുകൊണ്ടുള്ള ദൂഷ്യങ്ങഠം നമ്മുടെ യുവജനങ്ങളെ മനസ്സിലാക്കുന്നതു നല്ലതാണു്.

നാരാ:— സമയം അല്പം വൈകിപ്പോയി അല്ലേ. കുറച്ചു നേരത്തെത്തെ തുടങ്ങേണ്ടതായിരുന്നു.

വറീതു്:— സാരമില്ല. ഇനി ആയാലുംമതി. കുറെ ആളുകളെയെങ്കിലും രക്ഷപ്പെടുത്താൻ പററിയേക്കും.

നാരാ:— എന്നാൽ നാളെത്തന്നെ തുടങ്ങാം. പിന്നെ, നമ്മുടെ വഴിവെട്ടു് എത്രദിവസത്തേക്കുകൂടി കാണുമെന്നാ വറീതുമാപ്പേടെ അഭിപ്രായം.

വറീതു്:— ഒത്തുശ്രമിച്ചാൽ നാലു ദിവസംകൊണ്ടു തീക്കാൻമേലെ. പിന്നെ ഒരുകാര്യം; വഴിവെട്ടു് അവസാനിക്കുന്ന ദിവസത്തെ കാപ്പിയും ഊണും എല്ലാം ഞാൻ കൊടുത്തോളാം.

നാരാ:— വളരെ ഉപകാരം.

വറീതു്:— അച്ഛനെന്തിയേ കണ്ടില്ലല്ലൊ.

നാരാ:— അകത്തുണ്ടു്. കുഴമ്പുതേച്ചിരിക്കുവാന്നു തോന്നുന്നു.

വറീതു്:— ഞാൻ വന്നിട്ടു് ഒന്നുംമിണ്ടാതെ പോയാൽ മോശമല്ലെ. കുഴമ്പുതേച്ചതുകൊണ്ടു് ഇങ്ങോട്ടു വരത്തില്ലായിരിക്കും. ഒന്നു വിളിച്ചേക്കാം. ഗോവിന്ദപ്പിള്ളേച്ചോ (നീട്ടിവിളിക്കുന്നു)

ഗോവിന്ദപിള്ള:— (അണിയറയിൽനിന്നു്) ആരാ അതു്.

വറീതു്:— ഞാനാ—വറീതുമാപ്പള.

ഗോവി:— (അണിയറയിൽ) ങാഹാ വറീതുമാപ്പിളയാണോ. എപ്പഴാ വന്നതു്.

വറീതു്:— കുറച്ചുനേരമായി.

ഗോവി:— ഞാനല്പം കുഴമ്പുതേച്ചിരികവാ. അതുകൊണ്ടാ വരാത്തതു്. നാരായണൻകുട്ടിയില്ലെ അവിടെ.

വറീതു്:— ഉണ്ടു്. ഞങ്ങൾ സംസാരിക്കയായിരുന്നു.

ഗോവി:— വിശേഷിച്ചൊന്നുമില്ലല്ലൊ.

വറീതു്:— ഒന്നുമില്ല. വെറുതെ ഇറങ്ങിയതാ.

ഗോവി:— നിങ്ങൾ വത്തമാനംപറയിൻ. പിന്നെ, കാപ്പികുടിച്ചിട്ടേ പോകാവൂ.

വറീതു്:— ഒവ്വ—ഒവ്വ. (നാരായണപിള്ളയോടു്) എനിക്കു കാപ്പിയൊന്നുംവേണ്ട കേട്ടോ. അച്ഛനോടു കാപ്പി വേണ്ടെന്നു പറഞ്ഞാൽ സമ്മതിക്കത്തില്ല.

നാരാ:— അല്പം കുടിക്കരുതോ?

വറീതു്:— ഒട്ടുംവേണ്ട. ഞാൻ കാപ്പി കഴിച്ചിട്ടധികംനേരമായില്ല.

നാരാ:— ബേബിയുടെ വീട്ടിൽ ഇന്നുതന്നെ പോകത്തില്ലേ?

വറീതു:— പോകണമെന്നു വിചാരിക്കുന്നു. പറഞ്ഞാലും പറപ്പിക്കാമോ. എന്നാൽ ഇനി ഞാനിറങ്ങട്ടെ.

നാരാ:— അങ്ങനെയാകട്ടെ. വൈകുന്നേരം ഞാനങ്ങോട്ടിറങ്ങാം. വറീതുമാപ്പള അവിടെ കാണുമല്ലോ.

വറീതു്:— കാണും. ഞാനെവിടെപോകാനാ. പിന്നെ സ്റ്റഡീക്ലാസ്സിന്റെകാര്യം പറഞ്ഞതു മറക്കരുതു്. നാളെത്തന്നെ തുടങ്ങണം.

നാരാ:— എന്റെ കഴിവുപോലെ ശ്രമിക്കാം.

വറീതു്:— അനുമതി. എന്നാൽ ഇറങ്ങട്ടെ.

നാരാ:— അങ്ങനെ ആകട്ടെ.

(വറീതുപോകുന്നു)

[കർട്ടൻ]

# രംഗം ആറ്

[ബേബിയുടെഭവനം. ബേബിഒരുകട്ടിലിൽ ഇരിക്കുന്നു. ദീക്ഷ നീണ്ടിട്ടുണ്ട്. ശരീരം മെലിഞ്ഞും കണ്ണു കുഴിഞ്ഞും കാണപ്പെടുന്നു. കുഞ്ഞുമോൻ തറയിലിരുന്നു സ്ലേററിൽ എഴുതുന്നു]

ബേബി:— എടാ കുഞ്ഞുമോനേ നീ ആ തീപ്പെട്ടി ഇങ്ങുമേടിച്ചോണ്ടു വന്നേടാ. (ഒരു ബീഡിയെടുത്തു വലിക്കാൻ ഒരുങ്ങിയിരിക്കുന്നു. കുഞ്ഞുമോൻ അകത്തേയ്ക്കുപോകുന്നു. കുറച്ചുകഴിഞ്ഞ് ഒരു തീക്കൊള്ളിയുമായി വരുന്നു.)

കുഞ്ഞു:— തീപ്പെട്ടി തീർന്നുപോയെന്നു പറഞ്ഞു.(ബേബി തീക്കൊള്ളിവാങ്ങി ബീഡി കത്തിച്ചുവലിക്കുന്നു. കുഞ്ഞുമോൻ തീക്കൊള്ളി അകത്തുകൊണ്ടുപോയി വച്ചിട്ടു തിരിച്ചു വന്നിരുന്നു എഴുത്തു തുടരുന്നു. ബേബി വിദൂരതയിലേയ്ക്കു നോക്കിയിരിക്കുന്നു. ഒരു ഗ്ലാസിൽ കാപ്പിയുമായി മേരിവരുന്നു. മാനസികക്ലേശം മുഖത്തു തെളിഞ്ഞുകാണാം)

മേരി:— ഇതാ കാപ്പി കുടിക്ക്. (ബേബി മേരിയേയും കാപ്പിപ്പാത്രത്തെയും ഒന്നു നോക്കിയിട്ട് വീണ്ടും വിദൂരതയിൽ ദൃഷ്ടിയുറപ്പിച്ചിരിക്കുന്നു.)

മേരി:— നിങ്ങരം എന്താ ഇങ്ങനെ നോക്കിയിരിക്കുന്നത്. കാപ്പി ആറിപ്പോകും

ബേബി:— എനിക്കു വിശപ്പുതോന്നുന്നില്ലമേരി.

മേരി:— നിങ്ങളെന്താ ഒന്നും മിണ്ടാതെ എപ്പോഴും ഇങ്ങനെ തൂങ്ങിയിരിക്കുന്നത്.

ബേബി:— ചിന്തിച്ചിട്ട് ഒരെത്തുംപിടിയും കിട്ടുന്നില്ലമേരി. ഇന്ന് അത്താഴത്തിനെന്താമാർഗ്ഗം.

മേരി:— ഇന്നു വടക്കേതീന്നു കുറച്ചരി കടംവാങ്ങി.

ബേബി:— ഇങ്ങനെ എത്രനാറം കടംവാങ്ങും.

മേരി:— അസുഖമൊക്കെ മാറുമ്പം നമുക്കു കടംവീട്ടണം.

കുഞ്ഞു:— അമ്മേ വിശക്കുന്നമ്മേ— കഞ്ഞിവെന്തില്ലേ?-

മേരി:— ഇച്ചിരൂടെ കഴിയട്ടെമോനെ (ബേബി വിദൂരതയിലേക്കു തന്നെ നോക്കിയിരിക്കുന്നു.)

കുഞ്ഞു:— നാളെ ഞാൻ പള്ളിക്കൂടത്തീന്നു് ഉച്ചക്കഞ്ഞി കുടിച്ചോട്ടെ അമ്മേ.

മേരി:— (മൗനമായി നില്ക്കുന്നു. ബേബിയുടെ കണ്ണുകറംനിറയുന്നു.)

ബേബി:— വിശപ്പല്ലേ വലുതു്. നീ കുടിച്ചോമോനേ. അഭിമാനം വച്ചോണ്ടിരുന്നാൽ എങ്ങനെയാ.(കുഞ്ഞുമോൻ എഴുന്നുതുടരുന്നു)

മേരി:— ഇത്രയുംനാറം കഞ്ഞിക്കു മുട്ടില്ലായിരുന്നു. കുടുംബംപൊളിയുന്ന പണിക്കൊക്കെ പോയതിൻെറ ഫലം അറിഞ്ഞുതുടങ്ങുന്നേയുള്ളു. ഇനി എന്തെല്ലാം കാണണം എൻെറകത്താവേ.

ബേബി:— ആ കാര്യംപറഞ്ഞു നീ എന്നെ വേദനിപ്പിക്കാതെ മേരീ. ഇതിൻെറ ഫലം ഇങ്ങനെയാകുമെന്നു ഞാൻ വിചാരിച്ചില്ല. ഇതൊന്നുമല്ല ഞാൻ പ്രതീക്ഷിച്ചിരുന്നതു്.

മേരി:— നാം നിശ്ചയിക്കുന്നതുപോലെ സംഗതി വല്ലതും നടക്കുമോ. ദൈവം തിരുമനസ്സാകണ്ടെ. ദൈവത്തെ പരീക്ഷിച്ചാൽ എങ്ങനെയാ ഗതികിട്ടുന്നതു്.
(വറീതുചേട്ടൻ പ്രവേശിക്കുന്നു. ബേബി എണീൽക്കാൻ ശ്രമിക്കുന്നു. സാധിക്കുന്നില്ല)

വറീതു്:— കുറച്ചുദിവസമായി ഇങ്ങോട്ടൊന്നിറങ്ങണമെന്നു വിചാരിക്കുന്നു. പററിയില്ല.

മേരി:— (സ്ററൂറം നീക്കിയിട്ടു്) ഇരിക്കുവറീതുചേട്ടാ. ഞാൻ വിചാരിച്ചു പിണങ്ങിയിരിക്കുവാണെന്നു്.

വറീതു്: (ഇരുന്നിട്ടു്) ഞാനാരോടു പിണങ്ങാനാ. ഇപ്പം എങ്ങനെയിരിക്കുന്നുബേബീ. കുറവുവല്ലതും പറയാറായോ?

ബേബി:— (നിരാശ പ്രകടിപ്പിച്ചുകൊണ്ടു്) എന്തു കുറയാനാ

വറീതു്:— വരുംഫലരായ്കകറം ഞാൻ നേരത്തെ പറഞ്ഞതല്ലെ. നി

നക്കു കുറച്ചുകൂടി ചിന്തിക്കാൻ കഴിവുണ്ടെന്നാണു് ഞാൻ കരുതിയിരുന്നതു്.

ബേബി:— അങ്ങനെ ഒരബദ്ധംപററി. ഞാനിതു പ്രതീക്ഷിരുന്നില്ല.

വറീതു്:— നമ്മുടെ പ്രതീക്ഷ വല്ലതും നടക്കാറുണ്ടോബേബീ. അങ്ങനെ നടക്കുമായിരുന്നെങ്കിൽ മനുഷ്യർ നിലത്തുനില്ക്കുമോ.

മേരി:— ഞാനകത്തേയ്ക്കുപോകുവാ. നിങ്ങടം വത്തമാനം പറ. (മേരി കുഞ്ഞുമോനെ വിളിച്ചുകൊണ്ടുപോകുന്നു.)

ബേബി:— വറീതുചേട്ടൻ അന്നു പറഞ്ഞിരുന്നതുപോലെ കേട്ടിരുന്നെങ്കിൽ ഇതൊന്നും വരില്ലായിരുന്നു. ഇനി പറഞ്ഞിട്ടെന്തു ഫലം.

വറീതു്:— രോഗം ഇങ്ങനെ കൂടാൻ കാരണമെന്താ. പഥ്യപ്പിഴവല്ലതും കാണിച്ചോ?

ബേബി:— പഥ്യപ്പിഴ ഒന്നും കാണിച്ചില്ല. ആരും പ്രതീക്ഷിക്കാത്തവിധത്തിൽ രക്തംവാർന്നുപോയി. ഡോക്ടറന്മാർപോലും അന്ധാളിച്ചു. പിന്നെ എൻെറകാര്യം പറയണോ. എന്താണെന്നറിയത്തില്ല. മുറിപാടു ഒട്ടു് ഉണങ്ങുന്നുമില്ല.

വറീതു്:— സംഗതിയെല്ലാം കുഴച്ചല്ലൊ. എങ്ങനെ കഴിഞ്ഞുവന്ന കുടുംബമാ. ഇപ്പം ചെലവിനെന്താമാർഗ്ഗം ബേബീ. കുടുംബം പട്ടിണിയല്ലെ.

ബേബി:— കടംമേടിച്ചു കഴിയുന്നു.

വറീതു്:— അബദ്ധത്തിൽ വീഴമ്പഴേ ചിലരുടെ കണ്ണു തുറക്കുകയുള്ളു. നീ ഏതായാലും അനുഭവംകൊണ്ടു പഠിച്ചല്ലോ.

ബേബി:— എനിക്കെല്ലാം മനസ്സിലാകുന്നുണ്ടു്. ഞാൻ ചിന്തിച്ചുചെയ്യേണ്ടതായിരുന്നു. ഇനി പറഞ്ഞിട്ടെന്താഫലം.

വറീതു്:— വന്നുപോയ അബദ്ധത്തെപ്പററി ചിന്തിച്ചിട്ടു കാര്യമില്ല. ചെയ്ത തെററിനു ദൈവത്തോടു മാപ്പുചോദിക്കുക. അത്രേയുള്ളു. (നാരായാണപിള്ള വരുന്നു)

നാരാ:— വറീതുമാപ്പിള ഇവിടെ ഉണ്ടായിരുന്നോ. ഞാൻ വീട്ടിൽ അന്വേഷിച്ചായിരുന്നു.

വറീതു്:— ഞാൻ ഇപ്പം ഇങ്ങുവന്നതേയുള്ളു.

ബേബി:— ഇരിക്കപിള്ളേച്ചാ (വേറൊരു സ്ററൂളിൽ നാരായണ പിള്ള ഇരിക്കുന്നു)

നാരാ:— ഇപ്പം എങ്ങനെയിരിക്കുന്നുബേബീ.

വറീതു്:— കുറവൊന്നും പറയാറായില്ല.

നാരാ:— ഈ അനുഭവം മററു ചെറുപ്പക്കാർക്കും ഒരു പാഠമായിരുന്നെങ്കിൽ മതിയായിരുന്നു.

വറീതു്:— കണ്ണുള്ളവൻ കാണട്ടെ. ചെവിയുള്ളവൻ കേൾക്കട്ടെ.

നാരാ— ഡോക്ടറന്മാരുടെ അശ്രദ്ധവല്ലതുമാണോ കാരണം?

ബേബി:— എന്താണാവോ. എൻെറ വിധിയാണെന്നു പറഞ്ഞാൽ മതിയല്ലൊ.

വറീതു്:— വിധിയെതന്നെ പഴിക്കരുതു്. സൂക്ഷിച്ചെങ്കിൽ ദുഃഖിക്കേണ്ടിവരില്ലായിരുന്നു.

ബേബി:— ഇനി പറഞ്ഞിട്ടെന്താഫലം. എൻെറ ജീവിതം നശിച്ചെന്നു പറഞ്ഞാൽമതി.

നാരാ:— അങ്ങനെ നിരാശ പിടിക്കരുതു ബേബീ. ഇതൊക്കെ മാറാതിരിക്കുമോ.

ബേബി:— നാട്ടുകാരെയും ദൈവത്തെയും വെറുപ്പിച്ച എനിക്കുണ്ടോ ഇനി ഗതിവരുന്നു. ഞാനിതനുഭവിക്കേണ്ടവനാണു്.

വറീതു്:— എല്ലാംപോട്ടെ ബേബീ. ഞങ്ങൾക്കു നിന്നോടു വിരോധമൊന്നുമില്ല. നീ തെററുചെയ്തു. ശരിയാണു്. അതു തെററാണെന്നു നിനക്കു ബോധ്യം വന്നസ്ഥിതിക്കു് നിന്നെ ഞങ്ങൾ ദ്വേഷിക്കുന്നതു ശരിയാണോ. പിന്നെ, നീ വലിയ ബുദ്ധിമോശമാണു കാണിച്ചതു്. അനുഭവംകൊണ്ടേ ചിലർ പഠിക്കയുള്ളു. ഏതായാലും എല്ലാംപോട്ടെ.

നാരാ:— എന്നാൽ നമുക്കിറങ്ങാം.

വറീതു്:— ഇറങ്ങാം. മേരിയെന്തിയേ

ബേബി:— അവൾ അകത്തുകാണും.

വറീതു്:— മേരീ, (വിളിക്കുന്നു. മേരി അകത്തു വിളികേൾക്കുന്നു) ഇങ്ങോട്ടൊന്നുവന്നേ(മേരിവരുന്നു)

മേരി:— വറീതുചേട്ടൻ എന്നെ വിളിച്ചാരുന്നോ

വറീതു്:— ദാ—ഞങ്ങളങ്ങോട്ടിറങ്ങുവാ (രണ്ടുരൂപയെടുത്തു നീട്ടിയിട്ടു്) ഇതാ ഇതിരിക്കട്ടെ. തൽക്കാല ആവശ്യങ്ങരം നടക്കട്ടെ കുഞ്ഞുമോനെ അങ്ങോട്ടു വിട്ടാൽ കുറച്ചു കപ്പയോമററൊ കൊടുത്തുവിടാം.

മേരി:— ഞങ്ങരം കാരണം വറീതുചേട്ടൻ കുറച്ചു ബുദ്ധിമുട്ടുന്നുണ്ടു്.

വറീതു്:— ഒന്നും സാരമില്ല മേരി. ഇതൊന്നും ഒരു ബുദ്ധിമുട്ടല്ല. എന്നാൽ ഞങ്ങളിറങ്ങട്ടെ ബേബീ. സൂക്ഷിക്കണെംകേട്ടോ.

ബേബി:— ഒവ്വാ (നാരായണപിള്ളയും വറീതുചേട്ടനും പോകുന്നു. മേരി വിദൂരതയിലേയ്ക്കുനോക്കി നില്ക്കുന്നു) നീയെന്താ അങ്ങനെനോക്കി നില്ക്കുന്നതു്.

മേരി:— ഒന്നുമില്ല. ഞാനാലോചിക്കുവാരുന്നു,

ബേബി:— എന്താ—

മേരി:— അല്ല, നാളെമുതൽ എനിക്കും പണിക്കുപോയാലെന്താണു്.

ബേബി:— പണിക്കോ? നീയോ?

മേരി:— എത്രനാളാ ഇങ്ങനെ കടംമേടിച്ചും മററുള്ളവരെ ആശ്രയിച്ചും കഴിയുന്നതു്. ആ ഗോവിന്ദൻമേസ്തിരിയുടെ കൂട്ടത്തിൽ പണിക്കുപോയാൽ നമ്മുടെ കാര്യങ്ങരം നടത്താമല്ലൊ.

ബേബി:— അതുവേണ്ട മേരീ. നീ ഏതായാലും പണിക്കൊന്നുംപോകണ്ട. നിനക്കതിനുതക്ക പ്രാപ്തിയില്ല.

മേരി:— പിന്നെ ഇങ്ങനെയങ്ങുപോയാൽ—

ബേബി:— എൻെറ അസുഖം മാറിയാൽ നമ്മുടെ വിഷമംതീരും. നീയേതായാലും പണിക്കൊന്നും പോകണ്ട, കുഞ്ഞുമോനെന്തിയേ?

മേരി:— അവൻ കഞ്ഞികുടിക്കുന്നു

ബേബി:— വറീതുചേട്ടൻെറ വീട്ടിലേക്കവനെ വിടാൻ പറഞ്ഞിട്ടുണ്ടല്ലൊ.

മേരി:— അവനെ വിടാം. ഞാനകത്തേക്കുപോകുവാ

(മേരി പോകുന്നു. ബേബി നോക്കിയിരിക്കുന്നു)

[കർട്ടൻ]

# രംഗം ഏഴ്

[നാരായണപിള്ളയുടെ ഭവനം. പിള്ള എഴുതിക്കൊണ്ടിരിക്കുന്നു. അല്പംകഴിഞ്ഞു പോത്തൻസാറു വരുന്നു]

പോത്തൻ:— സാറിനെ വളരെനാളായി ഒന്നു കാണണമെന്നു വിചാരിച്ചിരിക്കുന്നു. പക്ഷെ പററിയില്ല.

നാരാ:— ങാ—പോത്തൻസാറാണോ ഇരിക്കു്. ഞാനും ഒന്നു കാണണമെന്നു വിചാരിച്ചിരിക്കയായിരുന്നു. പിന്നെ എന്താ വിശേഷം.

പോത്തൻ:— സാറിങ്ങനെതുടങ്ങിയാൽ എൻെറ വയററിപ്പിഴപ്പു മുട്ടുമല്ലൊ സാറെ.

നാരാ:— ഞാനെന്തുചെയ്യുന്നാ—

പോത്തൻ:— സാറൊരു കോൺഗ്രസുകാരനല്ലേ?ഗവണ്മെൻറിൻെറ പദ്ധതികാംക്കെതിരായി പ്രവത്തിച്ചാലോ.

നാരാ:— ഞാൻ എന്തിനെതിരു നിന്നെന്നാണു പറയുന്നതു്.

പോത്തൻ:— നമ്മുടെ ഗവണ്മെൻറിൻെറ പുതിയ പദ്ധതിയോടു സാറിനൊരു കൂറുമില്ല. അതുതന്നെയല്ല, അതിനെതിരായി പ്രചരണം നടത്തുകയും ചെയ്യുന്നു. ഫാമിലിപ്ലാനിംഗിനെപ്പററിയാണു ഞാൻ പറഞ്ഞുവരുന്നതു്.

നാരാ:— പോത്തൻസാറേ, ഞാനൊരു കോൺഗ്രസ്കാരനാണെന്നു കരുതി ഗവണ്മെൻറിൻെറ ഏതു പ്രവത്തിക്കും കൂട്ടനിൽക്കണമെന്നുണ്ടോ.

പോത്തൻ:— കൂട്ടനിന്നില്ലെങ്കിലും എതിർപ്രചരണം നടത്താമോ.

നാരാ:— കുടുംബങ്ങളെ ശിഥിലമാക്കുന്ന ഒരു പണി ആയതിനാലാണു് ഞാനിതിനെ എതിക്കുന്നതു്. കുടുംബസംവിധാനത്തെ

പ്പററി മഹാത്മജി പറഞ്ഞിരിക്കുന്നതാണ് എനിക്കു വിശ്വാസം.

പോത്തൻ:— അതൊന്നും ഇപ്പഴത്തെക്കാലത്തു പററിയേലസാറെ. ഗാന്ധി പറഞ്ഞിരിക്കുന്നതു് എങ്ങനെ നടപ്പിലാക്കാനാ. ഇന്നത്തെ ലോകത്തിനു പുതിയ പദ്ധതിയേ പററൂ.

നാരാ:— അതുമുഴുവൻ സമ്മതിച്ചുതരുവാൻ ഞാനാളല്ല. ഇൻഡ്യയുടെ ഇന്നത്തെ ചുററുപാടിൽ ജനനനിയന്ത്രണം ആവശ്യമായിരിക്കാം. അതിൻെറപേരിൽ ഇന്നത്തെ പുതിയ പദ്ധതി നടപ്പാക്കിയാൽ സന്മാർഗ്ഗത്തിനു പിന്നെവിടെ സ്ഥാനംകിട്ടും. കുടുംബബന്ധങ്ങരം പൊട്ടിച്ചെറിയപ്പെടില്ലേ. ഭർത്താവിനു ഭാര്യയേയും ഭാര്യക്കു ഭർത്താവിനെയും വിശ്വസിക്കാൻ പററുമോ. ഭോഗാസക്തിമൂലം നശിക്കുന്ന ഒരു തലമുറയെ സൃഷ്ടിക്കുകയായിരിക്കും ഇതിൻെറ പരിണിതഫലം. അതുതന്നെയല്ല പുതിയ പദ്ധതികരംമൂലം മാറാരോഗങ്ങളും പിടിപെടുന്നതായി കാണുന്നുണ്ടു്.

പോത്തൻ:— അതൊന്നും ശരിയായ വിശ്വാസമല്ല. പട്ടിണിയും ദാരിദ്ര്യവും ഇതുമൂലം മാറാതിരിക്കുമോ. തൊഴിലില്ലാതെ വലയുന്ന ആയിരങ്ങളെ ഇനിയെങ്കിലും സൃഷ്ടിക്കാതിരിക്കുന്നതു വലിയകാര്യമല്ലെ.

നാരാ:— ഇതിനായി ചെലവഴിക്കുന്ന പണം കൃഷിക്കും വ്യവസായത്തിനുമായി ചെലവഴിച്ചാൽ പട്ടിണിയും ദാരിദ്ര്യവും മാറുകയില്ലെ? പിന്നെ തൊഴിലിൻെറ പ്രശ്നം കുറെയെല്ലാം അതുമൂലം മാറില്ലേ. ഈ പദ്ധതികരംമൂലം യുവജനങ്ങളിൽ കടന്നുകൂടുന്ന രോഗങ്ങരം മാററാൻ പുതിയ വേറൊരു പദ്ധതി ആവിഷ്ക്കരിക്കേണ്ടിവരുന്ന ലക്ഷണവും കണ്ടുതുടങ്ങിയിട്ടുണ്ടു്.

പോത്തൻ:— എന്തുരോഗമാണു സാറേ — ഒരുരോഗവും വരാൻപോണില്ല.

നാരാ:— എന്തുരോഗമാണെന്നോ. ഇപ്പോരം ഇതു നടപ്പാക്കിയ സ്ഥലങ്ങളിൽ മാനസികരോഗമാണു കൂടുതൽ കണ്ടുവരുന്നതു്. ഭോഗാസക്തിമൂലം സ്വയം നശിക്കുന്ന അനേകലക്ഷങ്ങളും ഇല്ലാതില്ല. ഇതിനെല്ലാം വളമിടുകയാണു നമ്മുടെ പുതിയ പദ്ധ

തി. ഉദാഹരണം നോക്കു്. സാറു പ്രേരിപ്പിച്ച കുടുക്കിൽ ചാടിച്ച ഒരാളല്ലെ ബേബി. പാവംപിടിച്ച ആ മനുഷ്യൻെറ സ്ഥിതി ഇന്നെന്തായി.

പോത്തൻ:— (ഉദ്വേഗത്തോടെ) എന്തായി!

നാരാ.— കട്ടിലിൽകിടന്നു നരകയാതന അനുഭവിക്കുന്ന ഒരു തീരാരോഗിയായി ബേബി മാറിയെന്നുമാത്രം.

പോത്തൻ:— അയാറം വല്ലപത്ഥ്യപ്പിഴയുംകാണിച്ചുകാണും. അല്ലാതൊന്നുംവരില്ല. ബേബിയെക്കൂടാതെ ഓപ്പറേഷൻ കഴിച്ചവരായി ഈ നാട്ടിൽ പലരുണ്ടല്ലൊ. അവർക്കീ കുഴപ്പമൊന്നുമില്ലല്ലൊ.

നാരാ:— അവർ അനുഭവിക്കാനിരിക്കുന്നതേയുള്ളു. ഒരാളുടെ ഫലം പ്രത്യക്ഷത്തിൽ കാണിച്ചു് ഈശ്വരനിതു വെളിപ്പെടുത്തിയെന്നേയുള്ളു; മററുള്ളവക്കു് ഒരു പാഠമാകാൻ.

പോത്തൻ:— ഇതേതായാലും ബേബിയുടെ കുററമായിരിക്കും. അയാറം സൂക്ഷിക്കാതിരുന്നുകാണും. ആറുമാസത്തേക്കു പത്ഥ്യം കാക്കണമെന്നുണ്ടു്.

നാരാ:— അതെന്തൊ. ഒരു കുടുംബം തകർന്നെന്നു പറഞ്ഞാൽ മതിയല്ലോ.

പോത്തൻ:— ഫാമിലിപ്ലാനിംഗ് മൂലമാണതെന്നു് എനിക്കു വിശ്വാസമില്ല,

നാരാ:— സാറു വിശ്വസിക്കേണ്ട. ഞങ്ങറംക്കതു വിശ്വാസമാണു്.

പോത്തൻ:— എന്തൊക്കെ ആയാലും ഒരു കോൺഗ്രസ്കാരനെന്ന നിലയിൽ. സാറിനി എതിർപ്രചരണം നടത്തരുതു്, എനിക്കതേ പറയാനുള്ളു.

നാരാ:— ഒരു മനുഷ്യസ്നേഹി എന്ന നിലയിൽ ഇതിനോടു യോജിക്കുവാൻ എനിക്കു നിവൃത്തിയില്ല.

പോത്തൻ:— ഉപകാരം ചെയ്തില്ലെങ്കിലും ഉപദ്രവിക്കരുതു്. ഇതു് എൻെറ വയററിപ്പിഴപ്പിനുള്ള ജോലിയാണു്.

നാരാ:— സാറിൻെറ വയററിപ്പിഴപ്പിനെ ഞാൻ അനുകൂലിക്കുമ്പോറം ആയിരങ്ങളുടെ ജീവൻെറ പ്രശ്നമാണു് മറുവശത്തു് എന്നു

ഞാൻ മറന്നുകളയുകയായിരിക്കും ചെയ്യുക. ജീവൻ പന്താടുന്ന ഒരു പ്രശ്നമാണിതു്. എനിക്കു് എങ്ങനെ പ്രവർത്തിക്കാതിരിക്കാൻ പററും.

പോത്തൻ:— ഈ പദ്ധതിയെ അനുകൂലിച്ചില്ലെങ്കിലും എതിർക്കരുതു്. സാറു നൈററുക്ലാസ്സ് നടത്തി യുവജനങ്ങളെ ഈ പദ്ധതിയിൽനിന്നും പിൻതിരിപ്പിക്കുന്നതായി അറിഞ്ഞു. അതിൽനിന്നും വിരമിച്ചേക്കു സാറെ.

നാരാ:— അതെല്ലാം ചിന്തിച്ചു ചെയ്യേണ്ടതാണു്. പോത്തൻസാറിൻെറ ജോലി സാറു ചെയ്യോ. ഞാനെൻെറ കടമ നോക്കുന്നതേയുള്ളു.

പോത്തൻ:— എന്നാൽ സാറിൻെറ ഇഷ്ടംപോലെ. ഞാനിറങ്ങട്ടെ.

നാരാ:— ഞാനും വരുന്നു. സാറു ബേബിയെ കാണാൻ വരുന്നോ.

പോത്തൻ:— ഓ എന്തു കാണാനാ. കഴിയില്ല.

നാരാ:— ഒന്നു കണ്ടു വിവരമറിഞ്ഞിട്ടു പോകാം. എന്താ, ഞാനും വരാം.

പോത്തൻ:— (മനസ്സില്ലാമനസോടെ) എന്നാലൊന്നു കേറിയേക്കാം.

(രണ്ടു പേരും പോകുന്നു.)

[കർട്ടൻ]

## രംഗം എട്ട്

[ബേബിയുടെ ഭവനം, ബേബി കട്ടിലിലിരിക്കുന്നു. മേരി അടുത്തു നിൽക്കുന്നു.]

മേരി:— ഞാൻ പറഞ്ഞ കാര്യത്തെപ്പററി എന്താ ഒന്നും മിണ്ടാത്തതു്.

ബേബി:— എന്തു കാര്യമാണു്.

മേരി:— ഞാൻ ജോലിക്കു പോകുന്ന കാര്യം.

ബേബി:— വരട്ടെ മേരി. നീയിപ്പം പണിക്കു പോയാലെങ്ങനെയാ. കുഞ്ഞുമോൻ സുഖമില്ലാതിരിക്കയല്ലേ. അവനെങ്ങനെയിയിരിക്കുന്നു.

മേരി:— മൂടിപ്പുതച്ചു കിടപ്പാണു്. നല്ലതുപോലെ പനിക്കുന്നുണ്ടു്. എൻെറ കർത്താവേ ഇതെന്തൊരു പരീക്ഷണമാണു്.

ബേബി:— എല്ലാം മാറും മേരി. (ബേബി വിദൂരതയിലേക്കു നോക്കിയിരിക്കുന്നു. മേരി താഴേക്കും. രണ്ടുപേരും ചിന്താഭാരത്താൽ വലയുന്നുണ്ടു്.) നിന്നെ ജോലിക്കു വിടുന്നതിനു് എൻെറ മനസ്സനുവദിക്കുന്നില്ല മേരി. നിനക്കതിനു തക്ക ആരോഗ്യമില്ല.

മേരി:— എന്നു പറഞ്ഞാലെങ്ങനെയാ. കുടുംബം കഴിയണ്ടേ.

ബേബി:— ഞാൻ മൂലമാണു മേരീ നീ ഈ കഷ്ടപ്പെടുന്നതു്. ഞാനതു മനസ്സിലാക്കുന്നുണ്ടു്. ഞാൻ മരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

മേരി:— നിങ്ങളെന്താണീ പറയുന്നതു്. വേറെ വല്ല കാര്യവും പറ.

ബേബി:— ഓർത്തുനോക്കിയിട്ടു ജീവിക്കണമെന്നു തന്നെ തോന്നുന്നില്ല. രോഗിയായ എന്നെ പോററാൻ നീയിന്നു കഷ്ടപ്പെടുക

യാണ്. ഞാൻ മരിച്ചാൽ നിങ്ങൾക്കെങ്കിലും സുഖമായി ജീവിക്കാമല്ലോ.

മേരി:— നിങ്ങൾ ഇതൊക്കെ പറഞ്ഞ് എന്തിനാ എന്നെ വേദനിപ്പിക്കുന്നത്.

ബേബി:— ഞാനാണു മേരീ നിന്റെ ജീവിതം നശിപ്പിച്ചത്. ഓർത്തു നോക്കിയിട്ട് എനിക്കു ജീവിക്കണമെന്നു തന്നെ തോന്നുന്നില്ല.

(വറീതുചേട്ടൻ വരുന്നു.)

വറീത്:— എങ്ങനെയിരിക്കുന്നു ബേബീ.

ബേബി:—എങ്ങനെയെങ്കിലും ഒന്നു മരിച്ചാൽ മതി വറീതുചേട്ടാ.

വറീത്:— അങ്ങനെ നിരാശ പിടിക്കരുതു ബേബീ. എല്ലാം ഒരു കാലത്തു മാറാതിരിക്കുമോ. കുഞ്ഞുമോനെന്തിയേ മേരീ. പള്ളിക്കൂടത്തിൽ പോയോ.

മേരി:— അവനു പനിയായിട്ടു കിടക്കുവാ.

വറീത്:— പനിയാണോ. അതു ഞാനറിഞ്ഞില്ലല്ലോ. ആരെയെങ്കിലും ഒന്നു കാണിക്കാൻ മേലാരുന്നോ?

മേരി:— കാണിക്കണം—ഞാനകത്തേക്കൊന്നു പോകുവാ.

(പോകുന്നു)

ബേബി:— കാശിന്റെ കുറവാ വറീതുചേട്ടാ കാരണം. മരുന്നുവില കൊടുക്കണ്ടേ. ഇന്നലെ വൈകിട്ട് കിടന്നതിൽ പിന്നെ എണീററിട്ടില്ലെന്നാ തോന്നുന്നത്. എനിക്കു നടക്കാമായിരുന്നെങ്കിൽ ഒന്നു കൊണ്ടുപോയി കാണിക്കാമായിരുന്നു.

വറീത്:— പണമൊക്കെയുണ്ടാകും ബേബി. ആ ഹോമിയോപ്പതിക്കാരനെ ഒന്നു കാണിച്ചുനോക്കുന്നതാ നല്ലത്.

ബേബി:— ആശുപത്രിയിൽ കൊണ്ടുപോയാലോ. സൗജന്യമായി ചികിത്സിക്കുമല്ലോ.

വറീത്:— എന്നാലും തരക്കേടില്ല. എന്നാൽ മേരിയെ ഇങ്ങു വിളിച്ചേ. ആശുപത്രിയിൽ ഒന്നു പറഞ്ഞുവിടാം.

ബേബി:— മേരീ (നീട്ടി വിളിക്കുന്നു. മേരി വരുന്നു. കണ്ണുനീർ തുടച്ചാണ്ട് വരവ്.)

മേരി:— എന്നെ വിളിച്ചാരുന്നോ?

വറീതു്:— കുഞ്ഞുമോനെങ്ങനെയിരിക്കുന്നു?

മേരി:— പനി കൂടി വരികയാണു്. എന്തൊരു ചൂടാ ശരീരത്തിനു്! ഇരുളുവെളിവില്ല.

വറീതു്:— ഒരു കാര്യം ചെയ്യു്. അവനെ ആശുത്രിയിൽ കൊണ്ടുപോയി ഒന്നു കാണിക്കു്. നേരത്തെ വല്ലതും ചെയ്താൽ പിന്നെ ദു:ഖിക്കേണ്ടല്ലോ.

മേരി:— ഞാൻ ആശുപത്രിയിൽ പോയാൽ ഇവിടത്തെ കാര്യം ആകെ കുഴയുമല്ലോ.

ബേബി:— സാരമില്ല. നീ പോയി അവനെ കാണിക്കു്.

വറീതു്:— കിടത്തി ചികിത്സിക്കണമെന്നു പറഞ്ഞാൽ അങ്ങനെ തന്നെ ചെയ്യണം. ഞാനും കൂട്ടത്തിൽ വരാം.

മേരി:— ഇവിടെയാണെങ്കിൽ പുറത്തേക്കുപോലും പോകാൻ പാടില്ലാതിരിക്കുവാണല്ലോ.

ബേബി:— അതൊന്നും സാരമില്ല. നീ പൊയ്ക്കോ. (മേരി അകത്തേക്കു പോകുന്നു.) ഇരിക്കു വറീതുചേട്ടാ. വന്നിട്ടു കുറച്ചു നേരമായല്ലോ.

വറീതു്:— (ഇരുന്നിട്ടു്) മുറിവുപാടു് ഉണങ്ങിത്തുടങ്ങിയോ ബേബീ.

ബേബി:— ഞാനൊരു ഉണക്കം കാണുന്നില്ല. (നാരായണപിള്ളയും പോത്തൻസാറും പ്രവേശിക്കുന്നു.)

നാരാ:— ങാ വറീതുമാപ്പള ഇവിടെയുണ്ടായിരുന്നോ.

വറീതു്:— ഞാനിങ്ങു വന്നതേയുള്ളൂ. ങാ ഹാ! പോത്തൻ സാറുമുണ്ടോ. സാറീ വഴിയെ വരാൻ അറിയുമോ?
(ബേബി പോത്തൻസാറിനെ കണ്ടു് മുഖം തിരിച്ചു നീരസം പ്രകടിപ്പിച്ചിരിക്കുന്നു.)

പോത്തൻ:— (ഒരിളിഭ്യച്ചിരിയോടെ) അതെന്താ അങ്ങനെ ചോദിച്ചതു്.

വറീതു്:— ഓ, ഒന്നുമല്ല. ബേബിയുടെ ഓപ്പറേഷൻ കഴിയുന്നതു വരെ പോത്തൻസാറിവിടെ വരുമായിരുന്നു. അതിനുശേഷം ഇങ്ങോട്ടു തിരിഞ്ഞുകേറുന്നില്ലെന്നു കേട്ടു. അതുകൊണ്ടു ചോദിച്ചതാ.

നാരാ:— പദ്ധതി നടപ്പായാൽ പിന്നെയെന്തിനാ വരുന്നതു് എന്നു കരുതിയായിരിക്കും.

പോത്തൻ:— അതുകൊണ്ടൊന്നുമല്ല. സമയം കിട്ടാഞ്ഞിട്ടാ.

വറീതു്:— ഏതായാലും പോത്തൻസാറിൻെറ പണി ഫലിച്ചു. ബേബിക്കിപ്പോഠം നല്ല സുഖമാ.

പോത്തൻ:— എന്തു പററി.

വറീതു്:— എന്തു പററിയെന്നോ. ആശുപത്രിയിൽ നിന്നു വന്നിട്ടും ഈ കട്ടിലിൽ നിന്നെണീററിട്ടില്ല. അത്രയ്ക്കു സുഖമാ ഈ ഫാമിലി പ്ലാനിംഗു മൂലം ബേബിക്കു് കിട്ടിയിരിക്കുന്നതു്.

പോത്തൻ:— സൂക്ഷിക്കാഞ്ഞിട്ടായിരിക്കും. ഞാൻ നേരത്തെ പറഞ്ഞതാ ഓപ്പറേഷൻ കഴിഞ്ഞാൽ ആറു മാസത്തേയ്ക്കു പഥ്യം കാക്കണമെന്നു്.

നാരാ:— ബേബി സൂക്ഷിച്ചതന്നെയാ ജീവിച്ചതു്.

പോത്തൻ:— എന്നാലൊരു കുഴപ്പവും വരില്ലായിരുന്നു. ഇതു തീർച്ചയായും എന്തോ പഥ്യപ്പിഴ കാണിച്ചിട്ടു വന്നതാ.

ബേബി:— (രൂക്ഷമായി പോത്തൻ സാറിനെ നോക്കിയിട്ടു് അലറുന്ന സ്വരത്തിൽ) ഇറങ്ങിപ്പോടോ ഇവിടുന്നു്. ഒരു പഥ്യപ്പിഴ കാണിച്ചപോലും. താനാടോ എൻെറ ജീവിതം നശിപ്പിച്ചതു്. എന്നിട്ടു നിന്നു പ്രസംഗിക്കുന്നു.

പോത്തൻ:— (ഇളിഭ്യനായി) ഞാൻ പോയേക്കാം; എനിക്കെന്താ· നാരായണപിള്ളസാർ വരുന്നോ?

നാരാ:— അല്പം താമസമുണ്ടു്. ധൃതിയാണെങ്കിൽ നടന്നോ.

പോത്തൻ:— അല്പം ധൃതിയുണ്ടു്. എന്നാൽ പിന്നെക്കാണാം.

(നടക്കുന്നു.)

വറീതു്:— ഈ നാട്ടിൽ ഇനിയും ചെറുപ്പക്കാരു കാണും. ദൈവത്തെ ഓർത്തു് അവരെ ഇങ്ങനെ കട്ടിലേൽ കയററരുതു്. വയസ്സു ചെന്ന ഞങ്ങൾ വെറുതെ ബുദ്ധിമുട്ടേണ്ടി വരും. (മേരി കുഞ്ഞുമോനെ തോളിൽ കിടത്തി ഒരു പുതപ്പുകൊണ്ടു മൂടി വരുന്നു.)

നാരാ:— കുഞ്ഞുമോനെന്തു പററി.

ബേബി:— ഒരു പനി. സാരമില്ല.

മേരി:— തീ പോലെ പൊള്ളുന്നുണ്ടു്.

നാരാ:— ഏതായാലും ആശുപത്രിയിൽ കൊണ്ടുപോകുവാനല്ലതു്.

വറീതു്:— എന്നാൽ ബേബി ഇവിടെ ഇരിക്കു്. ഞങ്ങൾ ആശുപത്രി വരെ ഒന്നു പോകട്ടെ.

നാരാ:— ഞാനും വരുന്നു. പുതിയ ഡാക്ടറുമായി എനിക്കല്പം പരിചയമുണ്ടു്.

വറീതു്:— എന്നാൽ പിള്ളേച്ചനും കൂടി വാ.

നാരാ:— ബേബി ഒററക്കിരിക്കണമല്ലോ.

ബേബി:— അതു സാരമില്ല. ഞാനിരുന്നോളാം.

വറീതു്:— എന്നാൽ നടന്നോ മേരി.

(മൂവരും പോകുന്നു. ബേബി അതു നോക്കിയിരിക്കുന്നു.)

[കർട്ടൻ]

# രംഗം ഒൻപതു്

[ബേബിയുടെ ഭവനം. ബേബി ഒരു ബീഡി വലിച്ചുകൊണ്ടു് വിദൂരതയിലേക്കു് നോക്കിയിരിക്കുന്നു. മുഖം ആകെ പ്രാകൃതമായിട്ടുണ്ടു്. നിരാശയും വിഷാദവും മുഖത്തു തെളിഞ്ഞുകാണാം. നാരായണപിള്ള പ്രവേശിക്കുന്നു. മുഖത്തു മ്ളാനത.]

ബേബി:— സാറിന്നു് ആശുപത്രിയിൽ പോയാരുന്നോ. ഞാൻ വിവരമൊന്നും അറിഞ്ഞില്ലല്ലൊ.

നാരാ:— ഓ, വിശേഷമൊന്നുമില്ല. (ബേബിയുടെ മുഖത്തു നോക്കാതെ ഇരിക്കുന്നു.)

ബേബി:— പനി കുറവുണ്ടോ സാറേ.

നാരാ:— അല്പം കൂടുതലായിരുന്നു. ബേബി ഇന്നു വല്ലതും കഴിച്ചോ.

ബേബി:— വറീതുചേട്ടൻെറ വീട്ടീന്നു് ചോറു കൊണ്ടുവന്നു തന്നു. കുഞ്ഞുമോനെ എന്നു കൊണ്ടുപോരാം.

നാരാ:— ബേബി വിഷമിക്കരുതു്. നമ്മൾ നിശ്ചയിക്കുന്നതുപോലെയാണോ വല്ലതും നടക്കുക. കുഞ്ഞുമോനെ ആശുപത്രിയിൽ നിന്നും കൊണ്ടുപോരുന്നുണ്ടു്.

ബേബി:— (ഉദ്വേഗത്തോടെ) വല്ല അപകടവും ഉണ്ടോ സാറേ.

നാരാ:— ബേബി സങ്കടപ്പെടരുതു്. എല്ലാം ഈശ്വരൻ നിശ്ചയിക്കുന്നതുപോലെയെ നടക്കൂ. കുഞ്ഞുമോനെ ആശുപത്രിയിൽ നിന്നും ഉപേക്ഷിച്ചു.

ബേബി:— (ബേബിയുടെ കണ്ണുകൾ നിറഞ്ഞൊഴുകി) ഉപേക്ഷിച്ചോ. ങേ.

നാരാ:— നമ്മുടെ വിധിയാണു ബേബീ. എല്ലാം സഹിക്കാം; അ

ല്ലാതെന്താ ചെയ്ക. നമ്മരം ഭാവന ചെയ്യുന്നു. പക്ഷെ ദൈവം നടത്തുന്നു.

ബേബി:— (ഉദ്വേഗത്തോടെ) സാറേ, സാറെന്തോ എന്നിൽ നിന്നും മറച്ചു വച്ചിട്ടുണ്ട്. ഒന്നു തുറന്നു പറയൂ സാറെ.

നാരാ:— ബേബി ഇപ്പോഠം അറിയാതിരിക്കയായിരുന്നു നല്ലതു്. അല്ല, എന്നായാലും അറിയണ്ടേ. ബേബി വിഷമിക്കരുതു്. കുഞ്ഞുമോൻ......

ബേബി:— (എണീക്കാൻ ശ്രമിച്ചുകൊണ്ടു് വെപ്രാളത്തിൽ) കുഞ്ഞുമോൻ?

നാരാ:— കുഞ്ഞുമോൻ പോയി ബേബി!

ബേബി:— (കൈകളിൽ തല താങ്ങി കട്ടിലിലേയ്ക്കു് ഇരിക്കുന്നു. വികാരാവേശത്താൽ കിതയ്ക്കുകയും കണ്ണിൽ നിന്നു് അശ്രുകണങ്ങഠം പൊഴിയുകയും ചെയ്യുന്നു.) സാറേ എൻെറ കുഞ്ഞുമോൻ പോയോ സാറേ. ഇനി ഞാനെന്തു ചെയ്യും. എൻെറ ദൈവമേ എന്തൊരു ശിക്ഷയാണിതു്.

നാരാ:— കരയാതിരിബേബി. വരുന്നതെല്ലാം അനുഭവിക്കാതിരിക്കാൻ പററുമോ.

ബേബി:— ഞാൻ ചെയ്തതിൻെറ ഫലം എനിക്കു കിട്ടിസാറേ. അവൻെറ ഭാവിയിലായിരുന്നു എൻെറ പ്രതീക്ഷ. എല്ലാം തകർന്നു. ഇനി ഞാൻ ജീവിക്കുന്നില്ലസാറെ.

നാരാ:— അങ്ങനെ നിരാശപ്പെടരുതുബേബി. ജനിച്ചാൽ എന്നായാലും മരിക്കണം. ഇതെല്ലാം സാധാരണ സംഭവങ്ങളല്ലേ. (പുറത്തു് ഒരു കാറിൻെറ ഇരമ്പലും ഹോറൺ വിളിയും മുഴങ്ങുന്നു) ദാ അവരു വരുന്നുണ്ടു്. ബേബി വിഷമിക്കരുതു്. അടങ്ങിയിരിക്കണം. ബേബിക്കു പെട്ടെന്നു് വിഷമം തട്ടാതിരിക്കാനാണു് ഞാൻ നേരത്തെ വന്നതു്. (വറീതുചേട്ടൻ കുഞ്ഞുമോനെ കോരിയെടുത്തുകൊണ്ടുവരുന്നു. പൊട്ടിക്കരഞ്ഞുകൊണ്ടു മേരി പുറകേയും. മുടി അഴിഞ്ഞുലഞ്ഞുകിടക്കുന്നു. കരഞ്ഞുകരഞ്ഞു വീർത്തമുഖം. ബേബിയെ കാണുമ്പോഠം സങ്കടം

19894 / 3

സഹിക്കവെയ്യാതെ മുഖം പൊത്തിക്കരയുന്നു. ബേബി 'കുഞ്ഞുമോനെ' എന്നുവിളിച്ചുകൊണ്ട് കൈനീട്ടി വികാരാവേശത്തോടെ ഇരിക്കുന്നു. വറീതു കുഞ്ഞുമോൻെറ മൃതദേഹം ബേബിയുടെ മടിയിൽ കിടത്തുന്നു. ബേബി പൊട്ടിക്കരഞ്ഞു കുഞ്ഞുമോനെ ചുംബിക്കുന്നു. വറീതുചേട്ടൻ പൊടിഞ്ഞുവരുന്ന കണ്ണീർകണങ്ങൾ തുടച്ചുകൊണ്ട് ഒരുകിലേക്കു മാറുന്നു. മേരി കട്ടിലിനരുകിൽ തലചേർത്തിരുന്നു കരയുന്നു. പിന്നണിയിൽ നിന്നും അങ്ങു വിദൂരതയിൽ ഒരു ശോകഗാനം ഉയർന്നു ലയിക്കുന്നു.)

വറീതു്:— കരയാതിരിക്കുബേബീ. ഇതെല്ലാം ദൈവനിശ്ചയമാണ്. മററുള്ളവർ കണ്ടുപഠിക്കുന്നതിന് ദൈവം ബേബിയെ ഒരു ഉപകരണമാക്കിയെന്നുമാത്രം.

ബേബി:— ഞാനിനി ആർക്കുവേണ്ടി ജീവിക്കണം വറീതുചേട്ടാ. ഞാൻ മൂലം എത്ര ജീവിതങ്ങൾ നശിച്ചു. ഞാനിനി ജീവിച്ചിരിക്കുന്നില്ല.

നാരാ:— ബേബി, സങ്കടം വരുമ്പോൾ വിവേകശൂന്യമായി നാം വല്ലതും പ്രവത്തിച്ചുപോകും. ബേബി ഒന്നടങ്ങിയിരിക്ക്. അസുഖമെല്ലാം മാറുമ്പോൾ സംഗതിയെല്ലാം ശുഭമാകും.

ബേബി;— എനിക്കിനി എന്തുകഴിവുണ്ടുസാറെ. എൻെറ ജീവിതം ഞാൻ പണയപ്പെടുത്തിയില്ലേ. എനിക്കിനി ഒരു കുരുന്നുകാൽ കാണാൻ പററുമോ.

വറീതു്:— ചെയ്ത തെററിനെപ്പററി ദൈവത്തോടു മാപ്പുയാചിച്ചു ജീവിച്ചാൽ മതിബേബി. ഏതായാലും കൈവിട്ടുകളഞ്ഞ കാര്യത്തെപ്പററി വിലപിച്ചിട്ടു കാര്യമില്ല. എല്ലാം വിധിയാണ്.

നാരാ:— വറീതുമാപ്പളേ, നമുക്കുബാക്കി കാര്യം നോക്കണ്ടേല്ലൊ.

വറീതു്:— നിങ്ങൾ അവിവേകം ഒന്നും കാണിക്കരുതു് കേട്ടോ. ഞങ്ങൾ പുറത്തോട്ടൊന്നിറങ്ങട്ടെ. ബാക്കി സംഗതികൾ ഞങ്ങൾ തന്നെ നടത്തിക്കൊള്ളാം. നിങ്ങൾ ആ കാര്യത്തെപ്പററി ആകുലപ്പെടേണ്ട.

(വറീതും നാരായണപിള്ളയും പുറത്തേക്കുപോകുന്നു. ബേബി കുഞ്ഞുമോൻെറ മുഖത്തേക്കുതന്നെ നോക്കിനെടുവീർപ്പിട്ടു കരയുന്നു. മേരി കട്ടിൽപ്പടിയിൽ തലവെച്ചു വിതുമ്പിക്കരയുന്നു)

[കർട്ടൻ]

## രംഗം പത്ത്

(ബേബിയുടെ വീട്. ബേബി ഒരു തലയിണ മടിയിൽവച്ചു താലോലിച്ചുകൊണ്ടിരിക്കുന്നു. ഒരു ചിത്തഭ്രമരോഗിയുടെ എല്ലാ ലക്ഷണങ്ങളും തെളിഞ്ഞുകാണാം. മേരി ഒരു ഗ്ലാസ്സിൽ കുറെ കാപ്പിയുമായി വരുന്നു.)

മേരി:— ഇതാ കാപ്പി.

ബേബി:— (കാപ്പിവാങ്ങികട്ടിലിൽ തന്നെ വയ്ക്കുന്നു) എടാ കുഞ്ഞുമോനേ കാപ്പികുടിയെടാ. ദേ അമ്മ കാപ്പികൊണ്ടുവന്നിരിക്കുന്നു. (തലയിണ എടുത്ത് മാറോടടുപ്പിച്ചു പിടിക്കുന്നു. മേരി മുഖം പൊത്തിക്കരയുന്നു)

ബേബി:— കാപ്പി കുടിയെടാ (പൊട്ടിച്ചിരിച്ച് തലയിയിണ നിവർത്തുവച്ച് കാപ്പികുടിപ്പിക്കുന്ന മട്ടിൽ തലയിണയുടെ തലയ്ക്കൽ കാപ്പി ചെരിക്കുന്നു. കാപ്പി താഴേക്ക് ഒഴുകുന്നു.) നീ കാപ്പി കളയുവാണോ.

(പൊട്ടിച്ചിരിക്കുന്നു. മേരി സങ്കടം സഹിക്കവെയ്യാതെ പൊട്ടിക്കരഞ്ഞ് അണിയറയിലേക്കു പോകുന്നു. ബേബി മേരിയെ രൂക്ഷമായി നോക്കി അലറുന്ന സ്വരത്തിൽ) ഇറങ്ങിപ്പോടോ ഇവിടുന്ന്. പഥ്യപ്പിഴ കാണിച്ചപോലും! താനാടോ എന്റെ ജീവിതം നശിപ്പിച്ചത്.

(തലയിണ വലിച്ചെറിയുന്നു. കിതച്ചുകൊണ്ടു കട്ടിലിലേക്കു ചായുന്നു)

[കർട്ടൻ]

(ശുഭം)

# വിഷക്കനി

DC Library
*00019894*
T62 K81

സങ്കല്പമേഖലയിൽമാത്ര
ഭൗതികാനന്ദങ്ങൾക്ക് അടിo
തിനായി ''വിഷക്കനി'' ഭ
യുവാവിൻെറ വേദനാത്മകമ
യാണീ നാടകം.

പരിസരത്തിൻെറ പകിട്ടിൽ മയങ്ങിപ്പോയ ബേബി, ധർമ്മപഥത്തിലുറച്ചുനിന്ന ഭാര്യയെ ''വിഷക്കനി'' ഭക്ഷിക്കുവാൻ നിർബന്ധിച്ചു. പക്ഷേ ''ദൈവത്തിനുള്ളതു ദൈവത്തിനും സീസറിനുള്ളതു സീസറിനും'' കൊടുക്കുകയെന്നതു മാത്രം ധർമ്മമായികരുതിയ ഭാര്യ, ഭർത്താവിൻെറ നിർബന്ധത്തിനു വഴങ്ങുവാൻ തയാറായില്ല. ഒടുവിൽ അവൻതന്നെ ആ വിഷക്കനി ഭക്ഷിക്കേണ്ടിവന്നു.

ബേബി അതിരററ ജീവിതാനന്ദത്തിനുവേണ്ടി ദാഹിച്ചു. പക്ഷെ കണ്ണുനീരിൻെറ നടുക്കയത്തിലാണവൻ നിപതിച്ചതു്. ഒടുവിൽ, വേദന തളംകെട്ടിനില്ക്കുന്ന സ്വന്തം ഭവനത്തിൽ, അവൻ ഒരു ഭ്രാന്തനെപ്പോലെ ശിഥിലഹൃദയനായിത്തീർന്നു. ആ കഥയാണു വിഷക്കനി.

ധർമ്മത്തിനുവേണ്ടിയുള്ള ആഹ്വാനമാണു് ഈ നാടകത്തിൻെറ ജീവൻ. ഈ ആഹ്വാനത്തിനെതിരെ വയ്ക്കുന്ന ചുവടുകൾ നാശത്തിലേയ്ക്കു നയിക്കു എന്നു തെളിയിക്കുകയും.

ഏദേൻതോട്ടത്തിൽനിന്നു മുള്ളുകൾ മുളച്ചുയരുന്ന വരണ്ട ഭൂമിയിലേക്കു ജീവിതത്തെ വലിച്ചെറിയുകയാണു മനുഷ്യൻ. അങ്ങിനെ സ്വയം നാശത്തിനു വിധേയനാകുന്ന മനുഷ്യനു ധാർമ്മികമൂല്യങ്ങളുടെ പാതയിലൂടെസഞ്ചരിക്കുവാൻ പ്രചോദനം നൽകുന്ന ഒരു കലാസൃഷ്ടിയാണു് വിഷക്കനി.

ദീപിക ബുക്കു് ഹൗസ്, കോട്ടയം.

# വിഷക്കന്നി

T62
K81

T62
K81

കൊച്ചുപറമ്പിൽ

Indic Digital Archive Foundation
gpura.org